# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ




മെയ് 28 – പന്തക്കുസ്താ തിരുനാൾ

Vol. LXXIII May 2023 No. 5



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ഈസ്റ്റേൺ കാനൻ ലോ (IECL),
വിദ്യാപീഠത്തിന്റെ ഡയറക്ടറായി
നിയമിക്കപ്പെട്ട
**വെരി റവ. ഫാ. ജോസഫ്**
**കടുപ്പിലിന്**
**അഭിനന്ദനങ്ങൾ**




ഇന്ത്യയിലെ ഏറ്റവും മികച്ച നിലവാരമുള്ള ആശുപത്രികൾക്കു നൽകുന്ന എൻഎബിഎച്ച് സർട്ടിഫിക്കറ്റ് കേരള കോർപ്പറേഷൻ, രജിസ്ട്രേഷൻ വകുപ്പുമന്ത്രി വി.എൻ.വാസവൻ മെഡിസിറ്റി രക്ഷാധികാരിയായ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും, എം.ഡി. വെരി റവ. ഫാ. ജോസഫ് കണിയോടിക്കലിനും കൈമാറുന്നു




മാർ സ്ലീവാ ക്ലാരിസ്റ്റ് അഡോറേഷൻ മിണ്ടാമഠത്തിന്റെ വെഞ്ചരിപ്പുകർമ്മം മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിക്കുന്നു.



കാത്തലിക് മാനേജ്മെന്റ് പ്രതിനിധികളോടൊപ്പം അഭിവന്ദ്യ പിതാക്കന്മാർ
കേരള മുഖ്യമന്ത്രിയെ സന്ദർശിക്കുന്നു.



ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ്സ് ഹൗസിൽ ഭാരതത്തിന്റെ അപ്പസ്തോലിക് നുൺഷ്യോ
ലെയോപോൾദോ ജിറേല്ലിയെ അഭിവന്ദ്യ പിതാക്കന്മാർ സന്ദർശിക്കുന്നു



ദൈവദാസൻ ഫാ. ബ്രൂണോ കണിയാരകത്ത് സി.എം.ഐയുടെയും
ദൈവദാസി സി. മേരി കൊളേത്താ എഫ്.സി.സിയുടെയും നാമകരണനടപടികൾക്കായി
നിയോഗിക്കപ്പെട്ട സമിതി അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിനൊപ്പം



ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
ഇലപ്പള്ളി ഇടവക

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ


MAY 2023

Vol. LXXIII No. 5

# CONTENTS

സർക്കുലർ - മെയ്ദിനസന്ദേശം 2023 .................................. 355

സർക്കുലർ - 315 ............................................................ 361

കെസിബിസി സർക്കുലർ ..................................................... 366

Transfer & Appointments ................................. 369

അറിയിപ്പുകൾ ................................................................ 370

വാർത്തകൾ .................................................................. 374

ആദരാഞ്ജലികൾ ........................................................... 403

അഭിവന്ദ്യ പിതാവിന്റെ ഡയറി ......................................... 406

Ref: 3854/K-5/KCBC/OL/DS 05.04.2023

**കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ**
**തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിനസന്ദേശം 2023

യേശുക്രിസ്തുവിൽ ഏറ്റവും ബഹുമാന്യരായ വൈദികരേ, സന്ന്യസ്തരേ, പ്രിയ ദൈവമക്കളേ, ഏവർക്കും പിതാവായ ദൈവത്തിൽനിന്നും, കർത്താവായ യേശുക്രിസ്തുവിൽനിന്നും പരിശുദ്ധാത്മാവിൽനിന്നു കൃപയും സമാധാനവും, അദ്ധ്വാനത്തിൻെറ പ്രാധാന്യവും മഹത്ത്വവും തൊഴിലാളികളുടെ അവകാശങ്ങളും കടമകളും ഓർമ്മപ്പെടുത്തുന്ന മെയ്ദിനത്തിന്റെയും തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം എല്ലാവർക്കും നേരുന്നു.

1. ദൈവം മനുഷ്യനെ ഏല്പിച്ച പ്രഥമ ഉത്തരവാദിത്വം; "നട്ടുനനയ്ക്കാനും വളർത്താനും" ആണ് (ഉത്പ.2:15). "എല്ലാം നല്ലതായിരിക്കുന്നുവെന്നു കണ്ടു വിലയിരുത്തിയതിനെ" കാത്തുപാലിക്കാനാണ് മനുഷ്യനോട് ആവശ്യപ്പെട്ടത്. ഈ പ്രപഞ്ചത്തിൽ ദൈവം ഒളിപ്പിച്ചുവച്ചിരിക്കുന്ന അദ്ഭുതങ്ങളെ തിരിച്ചറിഞ്ഞു പ്രയോജനപ്പെടുത്തി മനോഹരമാക്കുന്നതിനായി ദൈവഹിതാനുസരണം മനുഷ്യർ ഏർപ്പെടുന്ന പ്രവൃത്തിയാണല്ലോ തൊഴിൽ. അത് ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിലും രക്ഷാകരകർമ്മത്തിലുമുള്ള ഒരു വ്യക്തിയുടെ പങ്കുചേരലാണ് (സഭയുടെ സാമൂഹികപ്രബോധനം 263).

2. തൊഴിലിടങ്ങളുടെ വിശുദ്ധിയിൽനിന്നാണ് സംസ്കാരങ്ങളും ആരാധനരീതികളും രൂപപ്പെട്ടത്. ഉപജീവനത്തിനുള്ളത് പ്രകൃതിയിൽനിന്നു കണ്ടെത്തി ജീവിതം തുടങ്ങിയ മനുഷ്യൻ, കരുതലിന്റെ ചിന്തയിലേക്കു വന്നപ്പോഴാണ് തൊഴിലിനു പ്രാധാന്യം കൈവന്നത്. ലാഭം നേടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹമാണ് തൊഴിലിടങ്ങളിലെ സമത്വഭാവം നഷ്ടമാക്കിയതും, ഇന്നു നഷ്ടമാക്കുന്നതും.

3. ഇന്നത്തെ തൊഴിൽമേഖലയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളും, നാം സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച ചിന്തകളുമാണ് താഴെ ചേർത്തിരിക്കുന്നത്. കോവിഡ് മഹാമാരി ഒരു പുതിയ സാമൂഹിക-സാമ്പത്തിക ക്രമത്തിനു രൂപം നൽകിയെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 'ഓക്സ്ഫാം' എന്ന അന്താരാഷ്ട്രസംഘടനയുടെ കണ്ടെത്തലുകൾ ഏറെ പ്രസക്തമാണ്. 2023 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ടുപ്രകാരം കോവിഡ് കാലത്തിൽ ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം 19 കോടിയിൽനിന്ന് 35 കോടിയായി വർധിച്ചു. അതേസമയം, ശതകോടീശ്വരന്മാരുടെ എണ്ണം 102 ൽ നിന്ന് 166 ആയി വർദ്ധിക്കുകയുണ്ടായി. അടിത്തട്ടിലുള്ള 50 ശതമാനം പേരുടെ പക്കൽ രാജ്യത്തെ സ്വത്തിന്റെ 3 ശതമാനം മാത്രമുള്ളപ്പോൾ ജനസംഖ്യയിലെ ഒരു ശതമാനംമാത്രമുള്ള അതിസമ്പന്നരാണ് രാജ്യത്തെ സമ്പത്തിന്റെ 40 ശതമാനവും കൈവശമാക്കിയിരിക്കുന്നത്. ഇത് ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്കും സ്ഥിതിസമത്വത്തിനും എതിരാണ്. ഈ അനീതി തടയാനുള്ള ക്രിയാത്മകനടപടികൾ സർക്കാരുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

4. രാജ്യത്തെ നിലവിലുള്ള നിയമസംവിധാനങ്ങളിൽ കാലികമായ മാറ്റങ്ങൾ വരുത്തുമ്പോഴും പുരോഗമനപരമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും ആ പ്രദേശങ്ങളിലെ മനുഷ്യരെയും ആവാസവ്യവസ്ഥകളെയും ബാധിക്കുന്നില്ല എന്നുമാത്രമല്ല, അവയെ സംരക്ഷിക്കാനും മനുഷ്യരുടെ ആശങ്കകൾ ദൂരീകരിക്കാനും വിവിധ സർക്കാരുകൾക്ക് ഉത്തരവാദിത്വവും ബാധ്യതയുമുണ്ട്. നീതിക്കുവേണ്ടി ശബ്ദിക്കുന്ന പാവപ്പെട്ടവരെയും അവർക്കു പിന്തുണ നൽകുന്നവരെയും ദേശവിരുദ്ധരും വികസനവിരോധികളും വിഭാഗീയത വളർത്തുന്നവരുമായി ചിത്രീകരിക്കാൻ അധികാരികളും ഉദ്യോഗസ്ഥവൃന്ദവും മാധ്യമങ്ങളും ചേർന്നുനടത്തുന്ന പ്രവർത്തനങ്ങൾ വളരെ സുവ്യക്തമാണ്. വികസനത്തിന്റെ ഗുണഭോക്താക്ക

ളായി മാറാൻ തദ്ദേശവാസികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും അവസരമുണ്ടാകത്തക്കവിധത്തിൽമാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പാടുള്ളൂ.

5. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിട്ടായിരുന്നു കേരളത്തിലെ അസംഘടിത തൊഴിലാളിക്ഷേമ നിധികൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ, ഈ അടുത്തകാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് ഇകഴ്ച സംഭവിച്ചിട്ടുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പല ഓഫീസുകളിലും ആവശ്യത്തിനു ജീവനക്കാരില്ല. ഫണ്ടില്ല എന്ന പേരിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ അതിയായ കാലതാമസം നേരിടുന്നു, ക്ഷേമനിധിയിൽ അംഗങ്ങളായിച്ചേർന്നു ഇരുപതും മുപ്പതും വർഷം വിഹിതം അടച്ചു പ്രായപരിധി എത്തിയതിനെത്തുടർന്നു വിരമിച്ചവർക്കു പെൻഷൻ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നു. ക്ഷേമനിധി ഫണ്ട് വകമാറ്റി ഉപയോഗിക്കുന്നത് ദരിദ്രന്റെ അന്നം കവർച്ച ചെയ്യുന്നതിനു തുല്യമാണ്. ക്ഷേമനിധി പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരെ സാമൂഹിക സുരക്ഷാപെൻഷനൊപ്പം സംയോജിപ്പിച്ചത് അനുചിതമായ നടപടിയാണെന്നും പറയാതെവയ്യ. അധികാരികൾക്കു തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ ധാർമ്മികചുമതലയുണ്ട്.

6. തൊഴിലാളിസൗഹൃദസംസ്ഥാനം എന്ന സൽപ്പേര് കേരളത്തിനു നഷ്ടപ്പെടുന്നുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു.  കടകൾ, ചെറിയ ഓഫീസുകൾ, മാർക്കറ്റിങ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ധാരാളം സ്ത്രീത്തൊഴിലാളികൾ ഉൾപ്പെടെ നിരവധിപേർ ജോലി ചെയ്തുവരുന്നുണ്ട്. കൂടുതൽ സമയം ജോലിചെയ്യേണ്ടിവരിക, കൃത്യമായി വേതനം ലഭിക്കാതിരിക്കുക, പി.എഫ്. ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ നിഷേധിക്കപ്പെടുക തുടങ്ങിയ പലതരം ചൂഷണങ്ങൾക്ക് ഈവിഭാഗം ഇരയാകുന്നുണ്ട്. എന്നാൽ, ഈ

വിഭാഗത്തിന്റെ അവകാശസംരക്ഷണത്തിനായി നിയമങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരികളും സംരക്ഷക രാകേണ്ട ട്രേഡ് യൂണിയനുകളും ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

7. ജോലി ചെയ്യുന്നവർക്കു വേതനത്തിനു അവകാശമുണ്ട്. ഈ അവകാശം നിയമാനുസൃതം സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. "കൂലിക്കാരനു വേതനം നല്കാൻ പിറ്റേന്നു രാവിലെവരെ കാത്തിരിക്കരുത്" (ലേവ്യർ 19:13) എന്നാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ പോലും ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നത് ഖേദ കരമാണ്. 'മൂലധനത്തെക്കാളും മെഷിനറിയെക്കാളും പ്രാധാന്യം മനുഷ്യർക്കാണ്' എന്ന് സഭാപ്രബോധനങ്ങൾ പഠിപ്പിക്കുന്നു (ലൗദാത്തോ സി 128). ചില വിഭാഗം തൊഴിലാളി കളുടെ ഇടയിൽ രൂപപ്പെട്ടിട്ടുള്ള തെറ്റായ പ്രവണതകളും തിരുത്തേണ്ടതായിട്ടുണ്ട്. നിയമംമൂലം നിർത്തലാക്കിയിട്ടും നോക്കുകൂലി മുതലായവ പുതിയ രൂപത്തിൽ അവതരിപ്പിക്ക പ്പെടുന്നു. തൊഴിലാളികളുടെ ശബ്ദമാകേണ്ട സംഘടനകൾ തൊഴിൽ നിഷേധിക്കുന്ന ശക്തികളായി മാറുകയും കയ്യൂ ക്കിന്റെ ബലത്തിൽ സ്ഥാപനങ്ങൾ പൂട്ടിക്കുകയും ചെയ്യുന്നു. ഇത്തരം അനാശാസ്യനടപടികൾ പൂർണ്ണമായും ഇല്ലാതാക്കേ ണ്ടിയിരിക്കുന്നു.

8. കേരളത്തിൽനിന്നു ലക്ഷക്കണക്കിനു പേരാണ് ഇന്ത്യ യ്ക്കകത്തും വിദേശത്തും പ്രവാസികളായി ജോലിചെയ്യുന്നത്. യുവജനകുടിയേറ്റം ഇപ്പോൾ അതിതീവ്രമാണ്. ഇതിന്റെ കാരണങ്ങൾ സർക്കാരുകൾ വിലയിരുത്തേണ്ടതാണ്. പ്രവാ സികൾ നാട്ടിലേക്കയച്ച ധനമാണ് കേരളത്തിന്റെ വികസന ത്തിനു അടിത്തറയിട്ടതെന്ന കാര്യം വിസ്മരിക്കരുത്. പ്രവാ സികളുടെ വിയർപ്പിന്റെ ഫലമാണ് കേരള വികസന മൂലധന മായി നിലനില്ക്കുന്നത്. ആയതിനാൽ, പ്രവാസിക്ഷേമം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. അതുപോലെ

തന്നെ അയൽസംസ്ഥാനങ്ങളിൽനിന്നും അനേകംപേർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അതിഥിത്തൊഴിലാളികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഇവർ മുപ്പതു ലക്ഷത്തോളം വരുമെന്നാണു കണക്ക്. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ഈ തൊഴിലാളികളുടെ ഭാഗഭാഗിത്വം വേണ്ടവിധത്തിൽ പരിഗണിക്കപ്പെടുന്നില്ല. പലപ്പോഴും അവഗണനയും വിവേചനവും ചൂഷണവും ഇവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. "പ്രവാസികളെയും അഭയാർത്ഥികളെയും ചേർത്തുപിടിച്ചുകൊണ്ട് ഭാവിലോകത്തെ നിർമ്മിക്കാനാണ്" ഫ്രാൻസിസ് പാപ്പ 2022 ലെ പ്രവാസിദിനസന്ദേശത്തിൽ ആഹ്വാനം നല്കിയത്. കേരളത്തിൽ തൊഴിലെടുക്കുന്ന അയൽസംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ രൂപതകളുടെയും സന്ന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിൽ ആവിഷ്കരിക്കുന്നത് ഉചിതമാണ്.

9. കെ.സി.ബി.സി. തൊഴിൽകാര്യ-പ്രവാസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർമൂവ്മെന്റ്, അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണു നടത്തിവരുന്നത്. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ നേതൃത്വത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കെ.എൽ.എം. തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അവരെ നേതൃത്വത്തിലേക്ക് ഉയർത്താനും തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുവാനും സാമ്പത്തിക അച്ചടക്കത്തിന് ആവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാനും തൊഴിലവകാശങ്ങൾ സംരക്ഷിച്ചുകിട്ടാനും ശ്രമിക്കുന്നു. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് കെ.സി.ബി.സി. പ്രാബല്യത്തിലാക്കിയിട്ടുള്ള 'പീപ്പിൾ മാനേജ്മെന്റ് പോളിസി' നടപ്പിലാക്കാൻ വേണ്ട പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെ.എൽ.എം.നെയാണ് ചുമതലപ്പെടു

ത്തിയിരിക്കുന്നത് (CIC:1286 & CCEO:1030). കേരളത്തിൽ തൊഴിൽചെയ്യുന്ന പ്രവാസി തൊഴിലാളിസംഘാടന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും, ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കെ.എൽ.എം. ശ്രദ്ധിക്കുന്നുണ്ട്.

10. കെ.എൽ.എം. ന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എല്ലാ രൂപതകളിലും ഫൊറോന ആസ്ഥാനങ്ങളിലും സാധിക്കുന്ന ഇടവകകളിലും വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ശ്രമിക്കണം. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളിസംഗമങ്ങൾ, പ്രത്യേക ദിവ്യബലികൾ എന്നിവ നടത്തുന്നതു നല്ലതാണ്.

11. സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളോടു സർവാത്മനാ സഹകരിച്ചു പ്രവർത്തിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. എല്ലാ തൊഴിലാളികളെയും പ്രത്യേകമായി ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർഥിക്കുന്നു.

**ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**

(ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പൊരുന്നേടം**

(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി 682 025

NB: 2023 ഏപ്രിൽ 30 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ വിവരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

സർക്കുലർ – 315

# കുടുംബദിനം – 2023 മെയ് 18

മിശിഹായിൽ പ്രിയ വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ദൈവം മെനഞ്ഞെടുത്ത ഭൂമിയിലെ സ്വർഗ്ഗമാണ് കുടുംബം. ഭൂമിയിൽ ആദ്യ കുടുംബത്തിന് രൂപംനൽകുമ്പോൾ ദൈവസാന്നിദ്ധ്യം അതിന്റെ പൂർണ്ണതയിൽ കുടികൊള്ളുന്ന പറുദീസാ ആക്കുകയായിരുന്നു ദൈവത്തിന്റെ ലക്ഷ്യം. അവിടുന്നാണല്ലോ സൃഷ്ടികൾക്കെല്ലാം മകുടമായി തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതും (ഉത്പ. 1,27) അവരെ പിതാവും മാതാവുമാകാൻ നിയോഗിച്ചതും അനുഗ്രഹിച്ചതും (ഉത്പ. 1,28). ഈ പറുദീസാ അനുഭവത്തിൽ ആയിരുന്നുകൊണ്ട് തന്റെ ജീവിതദൗത്യത്തിൽ ആദ്യദമ്പതികളെ പങ്കുകാരാക്കാൻ ദൈവം ആഗ്രഹിച്ചു. പൈശാചികശക്തികൾക്ക് അടിമപ്പെട്ട മനുഷ്യനെ പിന്നീട് തന്റെ പുത്രനായ മിശിഹായിലൂടെ വീണ്ടെടുത്തപ്പോൾ, അവന്റെ ലക്ഷ്യം ഈ പറുദീസാ അനുഭവം വീണ്ടും ഭൂമിയിൽ സ്ഥാപിക്കുകയായിരുന്നു.

വിശുദ്ധ ഗ്രന്ഥത്തിന്റെ ആരംഭംമുതൽ കുടുംബങ്ങളുടെ ചരിത്രവും സംഭവങ്ങളുമാണ് നാം കണ്ടുമുട്ടുന്നത്. ആദം, കായേൻ, ആബേൽ, സേത്ത്, നോഹ, തുടങ്ങി അബ്രാഹംവരെ എത്തിനിൽക്കുന്ന കുടുംബങ്ങൾ ചരിത്രാതീതകാലംമുതൽ കുടുംബങ്ങളുടെ പ്രാധാന്യം വരച്ചുകാട്ടുന്നവയാണ്. അബ്രാഹംമുതലുള്ള പൂർവ്വപിതാക്കൻമാരുടെ കുടുംബങ്ങൾ ഉത്തമരായ പിതാക്കൻമാരുടെയും മാതാക്കളുടെയും മാതൃകകളും സവിശേഷതകളും എടുത്തുകാട്ടുന്നു. പുതിയ നിയമത്തിൽ, മാതൃകനിറഞ്ഞ സഖറിയായുടെ കുടുംബം, ഈശോമിശിഹായുടെ തിരുക്കുടുംബം, ഈശോമിശിഹായുടെ പ്രബോ

ധനങ്ങൾ എന്നിവ കൂടാതെ അപ്പസ്തോലപ്രവർത്തനങ്ങളി ലൂടെ പ്രത്യേകിച്ച് പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ലേഖ നങ്ങളിലൂടെ മിശിഹാ കേന്ദ്രീകൃതകുടുംബങ്ങൾ എപ്രകാര മായിരിക്കണമെന്നു വ്യഖ്യാനിച്ചുതരുന്നുണ്ട് (എഫേ. 5:1 പത്രോ 3:1-12). ദൈവപുത്രനായ മിശിഹാ ഒരു കുടുംബത്തിൽ ജനി ച്ചതും മാതാപിതാക്കൻമാർക്കു വിധേയരായി വളർന്നതും ദൈവം കുടുംബത്തെ സ്നേഹിക്കുന്നു എന്നതിനും കുടുംബം എത്രമാത്രം വിലപ്പെട്ടതാണ് എന്നതിനും ഉത്തമ ദൃഷ്ടാന്ത മാണ്.

സഭയുടെ എക്കാലത്തെയും നട്ടെല്ലായ കുടുംബങ്ങളെ തകർക്കുവാൻ പൈശാചികശക്തി സദാ പരിശ്രമിച്ചുകൊണ്ടി രിക്കുകയാണ്. പ്രത്യേകിച്ച്, ഇന്നത്തെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയിൽ കുടുംബങ്ങൾ കടുത്ത വെല്ലുവിളികളും പരീ ക്ഷണങ്ങളും പല മേഖലകളിലുംനിന്ന് നേരിട്ടുകൊണ്ടിരിക്കു ന്നു. നമ്മുടെ കുടുംബങ്ങളെ തകർക്കുന്ന ഈ വെല്ലുവിളികൾ കണ്ടില്ലെന്നു നടിക്കുക സാദ്ധ്യമല്ല. കുടുംബങ്ങൾ വേണ്ട എന്ന ചിന്ത, മക്കൾ വേണ്ട എന്ന യുവതലമുറയുടെ പദ്ധതി, വ്യക്തി ഗതവാദങ്ങളുടെ അമിതസ്വാധീനം, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധങ്ങളുടെ അകൽച്ച, സ്വാർത്ഥപരമായ സ്നേഹം, മാധ്യമങ്ങളുടെ സ്വാധീനം, ധാർമ്മികത മറന്നുകൊ ണ്ടുള്ള ലൈംഗികവൈകൃതങ്ങൾ, ലഹരിയിലേക്കുള്ള യുവ തലമുറയുടെ കുത്തൊഴുക്ക് തുടങ്ങിയവയെല്ലാം കുടുംബങ്ങ ളുടെ അന്തച്ഛിദ്രത്തിനു കാരണമാകുന്നു. തിന്മയുടെ ഈ കെണികൾ കുടുംബങ്ങളുടെയും കുഞ്ഞുങ്ങളുടെയുംമേൽ കരിനിഴൽ വീഴ്ത്തുമ്പോൾ നാം കൂടുതൽ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. കുടുംബങ്ങളുടെ വിശ്വാസപരി ശീലനവും സ്വഭാവരൂപീകരണവും സുരക്ഷയും നേരായ വിധ ത്തിൽ നടത്തുന്നതിൽ മാതാപിതാക്കൻമാരുടെ പങ്ക് ഗൗരവ മേറിയതാണ്. മക്കൾ ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിൽ വളർന്നുവരുവാൻ ആവശ്യമായ അന്തരീക്ഷം

ക്രമീകരിക്കാനുള്ള ചുമതല മാതാപിതാക്കൾക്കാണ്. നമ്മുടെ കുടുംബങ്ങൾ ദൈവസാന്നിദ്ധ്യത്തിന്റെ നിറവിലേക്ക് ഉയരുമ്പോൾ മാത്രമേ, തിന്മയുടെ ശക്തികൾ ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിക്കാൻ സാധിക്കൂ.

നല്ല കുടുംബങ്ങൾ എന്ന ലക്ഷ്യവുമായി കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെ മനസ്സിലാക്കി ആവശ്യമായ അജപാലനശുശ്രൂഷ നൽകാൻ സഭ എക്കാലത്തും പരിശ്രമിച്ചിട്ടുണ്ട്. കുടുംബത്തിന്റെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റുകയെന്നത് ഇടവകസമൂഹത്തിന്റെ മുഖ്യകടമയാണ്. നമ്മുടെ രൂപതയിലെ കുടുംബങ്ങളുടെ മാനസികവും സാമൂഹികവും ആത്മീയവുമായ ശക്തീകരണത്തിനു സഹായമാകുന്ന അജപാലനപ്രവർത്തനങ്ങൾക്ക് ഏകീകരണവും പ്രോത്സാഹനവും നല്കുന്നതിനായി ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങളുമായി എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

സമൂഹത്തിൽനിന്ന് ഉയർന്നുവരുന്നതും കുടുംബങ്ങൾ നേരിടേണ്ടുന്നതുമായ വിവിധ പ്രശ്നങ്ങളെ അതിജീവിക്കാൻ മാതാപിതാക്കളെ സജ്ജരാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകൃതമായിട്ടുള്ള സംഘടനയാണ് മാതൃവേദിയും പിതൃവേദിയും. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ മാതാപിതാക്കൾക്ക്, കുടുംബത്തിലും സഭയിലും ചെയ്യാനുള്ള ബഹുമുഖങ്ങളായ ഉത്തരവാദിത്വങ്ങളെക്കുറിച്ച് കൂടുതൽ അറിവും ഉൾക്കാഴ്ചയും നല്കുമെന്നതിൽ സംശയമില്ല. പ്രത്യേകിച്ച്, വിവാഹപ്രായമെത്തിയ മക്കളുടെ വിവാഹം സമയബന്ധിതമായി നടത്തുന്നതിൽ മാതാപിതാക്കൻമാർ പ്രത്യേകം ശ്രദ്ധിക്കണം. ജോലിയും ഇതരകാര്യങ്ങളും ശരിയാകുന്നതുമായി ബന്ധപ്പെടുത്തി വിവാഹം നീട്ടിവയ്ക്കുന്നത് സഭ വലിയ ഉത്കണ്ഠയോടെയാണു കാണുന്നത്. വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നവർക്ക് ഉത്തമജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്നതിനായി സീറോ-മലബാർ സഭയിലെ എല്ലാ

രൂപതകളെയും ഒന്നിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന പാലാ രൂപത മാട്രിമോണിയൽ സൈറ്റിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തുവാനും ശ്രദ്ധിക്കുമല്ലോ.

കഴിഞ്ഞുപോയ നാളുകളെ അപേക്ഷിച്ച് വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്ന സ്ത്രീപുരുഷൻമാർ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ധാരാളമാണ്. വിവാഹവുമായി ബന്ധപ്പെട്ട ആലോചന തുടങ്ങുന്നതുമുതൽ ദാമ്പത്യജീവിതത്തിലേക്കു പ്രവേശിക്കുന്ന സമയം ഉൾപ്പെടെ ഒത്തിരിയേറെ ആശയക്കുഴപ്പങ്ങളിലൂടെയും ടെൻഷനിലൂടെയും മാനസികസമ്മർദ്ദത്തിലൂടെയും യുവതീയുവാക്കന്മാർ കടന്നുപോകുന്നുണ്ട്. അതുകൊണ്ടുതന്നെ മറ്റു പല തിരക്കുകളും ബുദ്ധിമുട്ടുകളും ഉണ്ടെങ്കിൽപ്പോലും അവരെ നന്നായി ഒരുക്കി വിവാഹാന്തസ്സിലേക്കു പ്രവേശിപ്പിക്കേണ്ടതും നമ്മുടെ കടമയാണ്. ഇതിന്റെ ഭാഗമായാണ് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിലും മൂന്നു ദിവസത്തെ വിവാഹ ഒരുക്കധ്യാനം ക്രമീകരിച്ചിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ മാധ്യമങ്ങളിലൂടെ നടത്തിയിരുന്ന ധ്യാനം, കഴിഞ്ഞ ഒരു വർഷമായി നമ്മുടെ രൂപതയിൽ വളരെ വിജയകരമായി (ഓഫ്ലൈനായി) നേരിട്ട് ആരംഭിച്ചിരിക്കുന്ന വിവരം എല്ലാവർക്കും അറിവുള്ളതാണല്ലോ. ഓൺലൈൻ മാധ്യമങ്ങളുടെ അപര്യാപ്തത മനസ്സിലാക്കി യുവതീയുവാക്കൻമാരെ നേരിട്ടുള്ള ധ്യാനത്തിൽ പങ്കെടുപ്പിക്കുവാൻ ബന്ധപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് കൂടുതൽ അവബോധവും ഉൾക്കാഴ്ചയും നൽകി പ്രതിസന്ധികളെ തരണം ചെയ്ത് കുടുംബങ്ങളെ കൂടുതൽ ഉറപ്പും ബലവുമുള്ളതാക്കുക എന്ന ലക്ഷ്യത്തോടെ **രൂപതയിലെ മാതൃവേദിയുടെയും പിതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ 2023 മെയ് 18-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 മണിവരെ ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളേജിന്റെ**

**ഓഡിറ്റോറിയത്തിൽവച്ചു** നടത്തപ്പെടുന്ന കുടുംബദിനപരിപാടിയിലേക്ക് എല്ലാ ഇടവകയിൽനിന്നും സാധിക്കുന്നിടത്തോളം പിതാക്കൻമാരെയും മാതാക്കളെയും പറഞ്ഞയയ്ക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാരും സംഘടനാപ്രവർത്തകരും ശ്രദ്ധിക്കുമല്ലോ.

ലോകചരിത്രത്തെ ഇന്നോളം താങ്ങിനിറുത്തിയ, താങ്ങിനിറുത്തുന്ന നട്ടെല്ലാണ് കുടുംബം. നട്ടെല്ലു തളർന്നാൽ മനുഷ്യൻ തളരുന്നതുപോലെ കുടുംബം ശിഥിലമായാൽ ലോകചരിത്രം തളർന്നുപോകും. മനുഷ്യന്റെ നിലനില്പുതന്നെ പ്രശ്നത്തിലാകും. പുതിയ കുടുംബങ്ങൾ രൂപീകരിക്കുന്നതും കുടുംബബന്ധങ്ങൾ വളർത്തുന്നതും ശക്തിപ്പെടുത്തുന്നതുമെല്ലാം ദൈവദത്തമായ ശുശ്രൂഷകളാണ്. നല്ല കുടുംബങ്ങൾ രൂപപ്പെടുത്തുന്നത് ദൈവത്തിന്റെ സ്വരത്തിനു ചെവികൊടുക്കുമ്പോഴാണ്. നമ്മുടെ രൂപതയിലെ കുടുംബ അജപാലന പ്രേഷിതപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ വൈവിധ്യമാർന്ന ശുശ്രൂഷകളെ പ്രാർത്ഥനകൊണ്ടും സാമ്പത്തികമായും സഹായിക്കേണ്ടത് വിശ്വാസിസമൂഹത്തിന്റെ കടമയാണ്. ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കായി മെയ് 21-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ഒരു സംഭാവനശേഖരണം നടത്തി പ്രസ്തുത തുക രൂപത പ്രൊക്കുറേറ്ററിനെ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 28-04-2023

NB: ഈ സർക്കുലർ 2023 മെയ് 14-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 3857/K-35/KCBC/OL/DS 21.04.2023

# കേരള സഭാനവീകരണം 2022-2025

## ദിവ്യകാരുണ്യ കോൺഗ്രസിനെ സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യത്തോടെ കേരളസഭയിൽ ആരംഭിച്ചിരിക്കുന്ന നവീകരണപ്രവർത്തനങ്ങളുടെ പ്രാരംഭനടപടികൾ പൂർത്തിയായി. കേരളസഭാനവീകരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ മാർഗരേഖയുടെ വെളിച്ചത്തിൽ സംഘടിപ്പിച്ച പഠനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ 2025 വരെ സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നടപ്പിൽ വരുത്തേണ്ട പ്രവർത്തനപദ്ധതി(Action Plan)ക്ക് രൂപം കൊടുത്തു. അതിന്റെ കോപ്പികൾ രൂപതകളിൽ ഇതിനോടകം കിട്ടിക്കാണുമെന്നു പ്രതീക്ഷിക്കുന്നു.

'കുടുംബ വിശുദ്ധീകരണത്തിലൂടെ സഭാനവീകരണം' എന്നതാണ് പ്രവർത്തനപദ്ധതികളുടെ മുഴുവൻ ലക്ഷ്യമായിക്കാണേണ്ടത്. ക്രിസ്തുവിൽ നവീകരിക്കപ്പെട്ട കുടുംബങ്ങളിലൂടെ മാത്രമേ നവീകൃതമായ ഒരു സഭയെ കെട്ടിപ്പടുക്കാൻ നമുക്കു കഴിയുകയുള്ളൂ. ഇതിന്റെ ഭാഗമായി ഓരോ രൂപതയിലും നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ ശുശ്രൂഷകളും സംവിധാനപ്രവർത്തനങ്ങളും സഭാനവീകരണത്തിന്റെ ചൈതന്യത്തിൽ പുനരാവിഷ്കരിക്കേണ്ടതുണ്ട്. അതോടൊപ്പം, പ്രവർത്തനപദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ ഓരോ രൂപതയുടെയും പ്രത്യേക പശ്ചാത്തലമനുസരിച്ചു നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്.

### ദിവ്യകാരുണ്യ കോൺഗ്രസ്

'സഭ കുർബാനയിൽനിന്ന് ജീവൻ സ്വീകരിക്കുന്നു' എന്ന യാഥാർത്ഥ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളസഭാനവീകരണത്തിന്റെ ഭാഗമായി 2023 ഡിസംബർ 1, 2, 3 തീയതികളിൽ

ഒരു ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയായിരിക്കും സമ്മേളന വേദി. 'നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും' (ലൂക്കാ 24:29) എന്ന ആപ്തവാക്യമാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്.

ദിവ്യകാരുണ്യ കോൺഗ്രസിനു മുന്നോടിയായി എല്ലാ രൂപതകളിലും ഇടവകകളിലും ഇതിനായുള്ള ഒരുക്കങ്ങൾ നടത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായി രൂപതാതലത്തിൽ ദിവ്യകാരുണ്യസമ്മേളനങ്ങളും റാലിയും ഇടവകതലത്തിൽ ദിവ്യകാരുണ്യകൂട്ടായ്മകളും, 40 മണിക്കൂർ ആരാധനയും ഏകദിന ആരാധനയും മറ്റും സംഘടിപ്പിക്കേണ്ടതാണ്.

വല്ലാർപാടത്തുവച്ചു സംഘടിപ്പിക്കുന്ന കോൺഗ്രസിൽ ഒരു ഇടവകയിൽനിന്ന് ഒരാൾ എന്ന രീതിയിലാണ് പ്രതിനിധി (Delegates)കളെ തിരഞ്ഞെടുക്കേണ്ടത്. അപ്രകാരം, കേരളത്തിലെ അയ്യായിരത്തോളമുള്ള ഇടവകകളിൽനിന്നായി 5000 പ്രതിനിധികൾ ഇതിൽ പങ്കെടുക്കും. രൂപതാപ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ മുതിർന്നവരോടൊപ്പം യുവജനങ്ങളുടെയും സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഇതുകൂടാതെ ശനി, ഞായർ ദിവസങ്ങളിൽ 2000 യുവജനങ്ങൾ ദിവ്യകാരുണ്യ ജാഗരണത്തിനായി സമ്മേളന വേദിയിൽ ഒത്തുചേരും. മാത്രമല്ല, കേരളസഭയിലെ എല്ലാ മെത്രാന്മാരും വൈദിക-സന്ന്യസ്ത പ്രതിനിധികളും പ്രത്യേക പരിശീലനം നേടിയ 250 റിസോഴ്സ് ടീം അംഗങ്ങളും 500 വോളണ്ടിയർമാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

2023 ഡിസംബർ 1 ന് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് മൂന്നുമണിക്ക് അവസാനിക്കുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിക്കുന്നത്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് വരാപ്പുഴ,

എറണാകുളം, മൂവാറ്റുപുഴ, കോട്ടപ്പുറം, കൊച്ചി, ആലപ്പുഴ എന്നീ ആറ് രൂപതകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട 100 ഇടവകകളിലെ വിവിധ ഭവനങ്ങളിലായിരിക്കും.

**റിസോഴ്സ് ടീം പരിശീലനം**

ദിവ്യകാരുണ്യകോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്കു വിഷയത്തെ സംബന്ധിച്ച കൃത്യമായ അറിവും പരിശീലനവും നൽകുന്നതിനായി 250 പേരടങ്ങുന്ന ഒരു റിസോഴ്സ് ടീമിന് രൂപംകൊടുക്കുന്നുണ്ട്. ഒരു രൂപതയിൽ നിന്ന് നാലുപേർ വീതം എന്ന ക്രമത്തിലാണ് റിസോഴ്സ് ടീമിനെ തിരഞ്ഞെടുക്കുന്നത്. ഇതിൽ രണ്ടു വൈദികരും രണ്ടു അല്മായരും (പുരുഷനും സ്ത്രീയും) വൈദിക-സന്ന്യസ്ത സമർപ്പിത സമൂഹങ്ങളിൽനിന്ന് ഒരു പ്രതിനിധിവീതവും റിസോഴ്സ് ടീമിൽ അംഗങ്ങളായിരിക്കും.

തൃക്കാക്കര CST ജനറലേറ്റിൽവച്ച് 2023 മെയ് 24 മുതൽ 26 വരെയായിരിക്കും റിസോഴ്സ് ടീമിനു പരിശീലനം നല്കുക.

കേരളസഭാനവീകരണയജ്ഞത്തിൽ നമുക്കു പ്രാർഥനാപൂർവം പങ്കുചേരാം. സഭയെ കാലത്തിനനുസൃതമായി നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവ് അതിനായി നമ്മെ പ്രാപ്തരാക്കട്ടെ. നവീകരണപ്രവർത്തനങ്ങൾക്കു സംസ്ഥാന-രൂപതാ തലങ്ങളിൽ നേതൃത്വം നല്കുന്നവർക്കും സഹകരിച്ചു പ്രവർത്തിക്കുന്ന ഏവർക്കും നന്ദിയർപ്പിക്കുന്നു. സർവശക്തനായ ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

# കച്ചേരിക്കാര്യം

## Transfers & Appointments (May 2023)

| | Name | Office |
|---|---|---|
| 1. | Ambattupadavil Joseph | Ministry in the Eparchy of Mississauga, Canada |
| 2. | Muthuplakkal Mathew | Vicar, Perumthuruth |
| 3. | Olayathil Thomas | Co-ordinator, Internet Mission |
| 4. | Panachikkal Karottu James | Asst. Co-ordinator, Internet Mission |
| 5. | Pandaraparampil Jacob | Relieved, Co-ordinator, Internet Mission |
| 6 | Pezhumkattil Thomas | Asst. Vicar, Vayala |
| 7. | Ponnamvarickayil George | Asst. Director, Beth Aprem Nazrani Dayara, Kappumthala |
| 8. | Punnathanathukunnel Mathew | Principal, Alphonsa College, Pala |
| 9 | Tharakan Dyson MC | Relieved, Asst. Vicar, Vayala |
| 10 | Valliara Arun MSFS | Relieved, Asst. Vicar, Moozhoor |
| 11 | Vattappalam Devasiachen | Vicar, Adukkom |
| 12 | Vattappillil Joseph | Relieved, Vice Chancellor & Priest in charge of Website of the Eparchy |

## വൈദികരുടെ ശ്രദ്ധയ്ക്ക്

### ഫാമിലി അപ്പോസ്തലേറ്റ് സംഭാവന

ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കായി മെയ് 21-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി ലഭിക്കുന്ന തുക 2023 ജൂൺ 15 ന് മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

## ജാഗ്രതാസമിതി ഫൊറോന ഡയക്ടർമാർ

ഫാ. ഓലായത്തിൽ തോമസ് - ചേർപ്പുങ്കൽ
ഫാ. മുതുപ്ലാക്കൽ മാത്യു - കോതനല്ലൂർ
ഫാ. ചാമക്കാലയിൽ സെബാസ്റ്റ്യൻ - മൂലമറ്റം

## FAMILY APOSTOLATE- DIOCESE OF PALAI

SHALOM PASTORAL CENTRE PALA
Mob: 8547150049

## MARRIAGE PREPARATION RETREAT – 2023

| | | | |
|---|---|---|---|
| June | 5, 6, 7 | *** | 19, 20, 21 |
| July | 10, 11, 12 | *** | 24, 25, 26 |
| August | *** | 14, 15, 16 | 25, 26, 27 |
| September | 4, 5, 6 | *** | 25, 26, 27 |
| October | 9, 10, 11 | *** | 23, 24, 25 |
| November | 11, 12, 13 | *** | 27, 28, 29 |
| December | 4, 5, 6 | 18, 19, 20 | *** |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | ബേബി, പിഴക് | 15000 | |
| 2 | ബിനി, ചേർപ്പുങ്കൽ | 50000 | |
| 3 | മറിയക്കുട്ടി, കടനാട് | 10000 | |
| 4 | മേരി, കുറുമണ്ണ് | 25491 | |
| 5 | റോയി, വലവൂർ | 50000 | |
| 6 | ജബി, കരൂർ | 50000 | |
| 7 | ബിന്ദു, ഏഴാച്ചേരി | 50000 | |
| 8 | ജിഷ, പറത്താനം | 350000 | |
| 9 | വിത്സൻ, ചിറ്റാർ | 15000 | |
| 10 | സജി, കൈപ്പള്ളി | 20000 | |
| 11 | ആന്റണി മറ്റത്തിൽ | 50000 | |
| 12 | ഫ്രാൻസീസ്, പൂവക്കുളം | 50000 | |
| 13 | മാണി, മേലുകാവുമറ്റം | | 550000 |
| 14 | മോളി, മേലുകാവുമറ്റം | | 148000 |
| 15 | മരിയ റിൻസ്, മേലുകാവുമറ്റം | | 210000 |
| 16 | മേരി മാത്യു, മേലുകാവുമറ്റം | | 10000 |
| 17 | തങ്കപ്പൻ, മീനച്ചിൽ (AKCC) | | 20000 |
| 18 | രാജു, മീനച്ചിൽ (AKCC) | | 10000 |
| 19 | റാണി, മീനച്ചിൽ (AKCC) | | 15000 |
| 20 | ചാണ്ടി, മീനച്ചിൽ (വിൻസെന്റ് ഡിപോൾ) | | 20000 |
| 21 | സജീവ്, മീനച്ചിൽ (വിൻസെന്റ് ഡിപോൾ) | | 38000 |
| 22 | മാത്യു ജോയി, ഇലഞ്ഞി (CMC) | | 15000 |
| 23 | മിനി ജയിൻ, തിരുമാറാടി (CMC) | | 100000 |
| 24 | ലിസമ്മ, മൂഴൂർ (CMC) | | 20000 |
| 25 | ജോബി ജോൺ, തുടങ്ങനാട് (CMC) | | 25000 |
| 26 | ജോളി ബെന്നി, പ്ലാശനാൽ (CMC) | | 25000 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി ചൊവ്വാഴ്ചകളിൽ വാക്ക് - ഇൻ - ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി മാർച്ച് 14, 21, 28 തീയതികളിൽ വാക്ക് - ഇൻ - ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ റജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ടുമെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ക്ഷയരോഗചികിത്സയ്ക്ക് 'സ്റ്റെപ്സ്' സെന്റർ**

ലോകക്ഷയരോഗദിനത്തിന്റെ ഭാഗമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ 'സ്റ്റെപ്സ്' സെന്റർ ആരംഭിച്ചു. ജില്ലാക്ഷയരോഗചികിത്സാകേന്ദ്രവുമായി സഹകരിച്ചു നടത്തപ്പെടുന്ന 'സിസ്റ്റം ഫോർ ടി ബി എലിമിനേഷൻ ഇൻ പ്രൈവറ്റ് സെക്ടർ' പദ്ധതി ജില്ലാ ടി ബി സെന്ററിലെ പൾമനോളജിസ്റ്റ് ഡോ. ഷിനോ ബി. കുര്യനും പാലാ മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കലും ചേർന്ന് ഉദ്ഘാടനം ചെയ്തു.

**പതിനഞ്ചു വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കി മാർ സ്ലീവാ മെഡിസിറ്റി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ഒരു വർഷത്തിനുള്ളിൽ 15 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കിയതുമായി അനുബന്ധിച്ചു നടത്തിയ പരിപാടി പാലാ രൂപതാ ബിഷപ്പും മാർ സ്ലീവാ മെഡിസിറ്റിയുടെ ഫൗണ്ടറും പേട്രണുമായ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അധ്യക്ഷതയിൽ ബഹുമാനപെട്ട ജലസേചനവകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ ഉദ്ഘാടനംചെയ്തു.

മാർ സ്ലീവാ മെഡിസിറ്റിയുടെ മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഡയറക്ടർമാരായ റവ. ഫാ. ജോസ് കീരഞ്ചിറ, റവ. ഡോ. ഇമ്മാനുവേൽ പാറേക്കാട്ട്, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ. കോമഡോർ (റിട്ട.) ഡോ. പോളിൻ ബാബു, നെഫ്രോളജി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. മഞ്ജുള രാമചന്ദ്രൻ, യൂറോളജി വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. വിജയ രാധാകൃഷ്ണൻ എന്നിവർ പരിപാടിയിൽ സന്നിഹിത രായി.

## NEW DOCTORS (APRIL)

1. ഡോ. ദിവ്യ ആൻ തോമസ് റേഡിയോളജിസ്റ്റ്, റേഡിയോ ഡയഗ്നോസിസ് &ഇമേജിങ്
2. ഡോ. അൻസു സി. അലക്സ് - മൈക്രോബയോളജിസ്റ്റ്
3. ഡോ. വിജി ജോർജുകുട്ടി വാഴക്കാലയിൽ - രജിസ്ട്രാർ, ജനറൽ സർജറി

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത മെത്രാൻ)
മോസ്റ്റ് റവ. ഡോ. ജോസഫ് അഗസ്റ്റിൻ ചരണംകുന്നേൽ
(റെയ്പൂർ രൂപത മുൻ ആർച്ചു ബിഷപ്)

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കു വേണ്ടി 2023 ഏപ്രിൽ 2 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരി. കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. നേതൃത്വം വഹിച്ചു.

**റീജന്റ് ബ്രദറിന് യാത്രയയപ്പ്**

കഴിഞ്ഞ ആറു മാസക്കാലം ഓഫീസിലെ ശുശ്രൂഷകൾക്കായി വന്ന രാമപുരം ഇടവകാംഗമായ ബ്രദർ ജെസ് കണംകൊമ്പിലിന് സമുചിതമായ യാത്രയയപ്പ് നൽകി.

**പുതിയ റീജന്റിന് സ്വാഗതം**

മണലുങ്കൽ ഇടവകാംഗമായ ബ്രദർ റ്റിബിൻ മണിയങ്ങാട്ട് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ പുതിയ റീജന്റായി ചാർജെടുത്തു.

**പ്രൊപ്പഗാന്ത സെമിനാരിയിൽ പഠിച്ചവരുടെ ഒത്തുചേരൽ**

റോമിലെ പ്രൊപ്പഗാന്ത സെമിനാരിയിൽ പഠിച്ചവരുടെ ഒത്തുചേരൽ ഏപ്രിൽ 11 – 12 തീയതികളിലായി നടത്തപ്പെട്ടു. പാലാ രൂപതാ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട

വി. കുർബാനയിൽ മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം, കൊല്ലം രൂപതാ മുൻ അദ്ധ്യക്ഷൻ ബിഷപ് സ്റ്റാൻലി റോമൻ, മാർ ജോർജ് കോച്ചേരി, മുവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അബ്രാഹം മാർ ജൂലിയോസ് ഉൾപ്പെടെ മുപ്പതോളം വൈദികരും സഹകാർമ്മികരായി പങ്കെടുത്തു.

**രാത്രിയാരാധന**

2023 ഏപ്രിൽ 29 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ രാത്രിയാരാധന നടത്തപ്പെട്ടു.

**ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാല പ്രദക്ഷിണത്തിനു ഏപ്രിൽ മാസത്തിലെ വിവിധ ശനിയാഴ്ചകളിലായി ഇടമറ്റം (01/04/2023), ഉരുളികുന്നം (15/04/2023), വിളക്കുമാടം (22/04/2023), ഇടപ്പാടി (29/04/2023) എന്നീ ഇടവകകൾ നേതൃത്വം വഹിച്ചു.

മെയ് മാസത്തെ ജപമാല പ്രദക്ഷിണങ്ങൾക്കു നേതൃത്വം നൽകുന്ന ഇടവകകൾ: അമ്പാറനിരപ്പേൽ (06/05/2023), ചെമ്മലമറ്റം (13/05/2023), ചേറ്റുതോട് (20/05/2023), വാരിയാനിക്കാട് (27/05/2023).

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസോത്സവം**

ഈ വർഷത്തെ വിശ്വാസോത്സവം 2023 ഏപ്രിൽ 10 മുതൽ 15 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. ഈ ദിവസങ്ങളിലെ വിശ്വാസോത്സവപരിപാടികളിൽ കുട്ടികൾ ഉത്സാഹത്തോടും സന്തോഷത്തോടുംകൂടെ പങ്കെടുത്തു. വിശ്വാസോത്സവം വിജയകരമായി നടത്തുന്നതിനായി പ്രയത്നിച്ച വികാരിയച്ചന്മാരെയും അസ്തേന്തിയച്ചന്മാരെയും വിശ്വാസപരിശീലകരെയും അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. ഈ വർഷം നാലാം ക്ലാസ്സിൽ വിശ്വാസ പരിശീലനം നടത്തുന്ന കുട്ടികൾക്ക് പ്രഥമകുമ്പസാരവും തുടർന്നുള്ള കുർബാന സ്വീകരണവും നടത്തുന്നതിനുള്ള ഏറ്റവും അടുത്ത പരിശീലനവും വിശ്വാസോത്സവദിനങ്ങളിൽ നൽകി.

2. **സൗമാ റമ്പാ**

വലിയ നോമ്പുകാലം പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിക്കാൻ കുട്ടികളെ സഹായിക്കുന്നതിനായി ദൈവവചനവും ധ്യാനചിന്തകളും യാമപ്രാർത്ഥനകളിലെ ഗീതങ്ങളും കോർത്തിണക്കി സൗമാ റമ്പാ എന്ന പേരിൽ പ്രാർത്ഥന കാർഡ് WhatsApp ഗ്രൂപ്പുകളിലൂടെ കുട്ടികളിലേക്ക് എത്തിച്ചു.

**3. X, XII ക്ലാസുകളിലെ റിസൾട്ട്**

X, XII ക്ലാസ്സുകളിൽ 2023 ഫെബ്രുവരി 19 -ന് നടത്തിയ വാർഷിക പ്പരീക്ഷയുടെ റിസൾട്ട് ഏപ്രിൽ 24 തിങ്കളാഴ്ച പ്രസിദ്ധീകരിച്ചു. XII-ാം ക്ലാസിൽ 94% പേരും X-ാം ക്ലാസിൽ 93% പേരും വിജയിച്ചു. പരീക്ഷാനടത്തിപ്പിനായി തയ്യാറാക്കിയ webportal -ൽ നിന്ന് ഓരോ സൺഡേ സ്കൂളിന്റെയും റിസൾട്ട് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

**4. വിചിന്തനം സെമിനാർ**

ഈ വർഷം (2022-2023) IX-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി വിശ്വാസപരിശീലനകേന്ദ്രം സംഘടിപ്പിക്കുന്ന വിചിന്തനം സെമിനാർ ആരംഭിച്ചു. ആദ്യത്തെ രണ്ടു ബാച്ചുകൾ ഏപ്രിൽ 27, 28 തീയതികളിലായി നടന്നു. രണ്ടു ബാച്ചുകളിലായി 410 കുട്ടികൾ സെമിനാറിൽ പങ്കെടുത്തു. പാലായിൽ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചാണ് സെമിനാർ നടക്കുന്നത്. മെയ് മാസത്തിലെ വിചിന്തനം സെമിനാറുകൾ മെയ് 4,5,6,8,9,10,11,18,19,22,23,24,25,29 തീയതികളിൽ നടക്കു ന്നതാണ്.

**5. പ്രതിഭാസംഗമം (VII- ാം ക്ലാസ്സ്)**

ഈ വർഷം (2022-2023) VII- ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി 2023 മെയ് മാസത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ചു നടത്തപ്പെടുന്ന പ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിക്കാനുള്ളവരെ തിരഞ്ഞെടുക്കാനായി രൂപതാതലത്തിലുള്ള പ്രതിഭാസംഗമം ഏപ്രിൽ 1 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു.

**പ്രതിഭാസംഗമത്തിൽ രൂപത തലത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

ആൺകുട്ടികൾ:

1. ഓസ്റ്റിൻ ടോമി കുമ്മണ്ണൂർ, മൂന്നിലവ്
2. ക്രിസ്റ്റിൻ സുഭാഷ് നടയ്ക്കൽ, പാലാക്കാട്

പെൺകുട്ടികൾ:

1. ഇവാനിയ അന്ന ഷാന്റിസ് പാലയ്ക്കൽ, കൂടല്ലൂർ
2. ജിൽസി ജോസഫ് അറയ്ക്കൽ, അന്ത്യാളം

2023 മെയ് 16,17,18 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടക്കുന്ന സഭാതല പ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് ഇവർ പങ്കെടുക്കുന്നതാണ്.

**6. വിശ്വാസപരിശീലകസംഗമം**

2023-2024 വിശ്വാസപരിശീലനവർഷാരംഭത്തിന് ഒരുക്കമായി നമ്മുടെ രൂപതയിലെ വിശ്വാസപരിശീലകരുടെ സംഗമം മൂന്നു ബാച്ചുകളിലായി നട ത്തുന്നു. ഈ സംഗമത്തിൽ എല്ലാ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്.

**സ്ഥലം** : St. Joseph College of Engineering and Technology, Choondacherry

**സമയം** : 9.30 am to 3.45 pm

**2023 മെയ് 13 ശനി :** ചേർപ്പുങ്കൽ, ഇലഞ്ഞി, കൂട്ടിക്കൽ, കോതനല്ലൂർ, പൂഞ്ഞാർ, കടുത്തുരുത്തി, തീക്കോയി ഫൊറോനകൾ

**2023 മെയ് 20 ശനി :** കടനാട്, കുറവിലങ്ങാട്, മൂലമറ്റം, മുട്ടുചിറ, രാമപുരം, തുടങ്ങനാട് ഫൊറോനകൾ

**2023 മെയ് 21 ഞായർ :** പാലാ, അരുവിത്തുറ, ഭരണങ്ങാനം, പ്രവിത്താനം ഫൊറോനകൾ

**7. സ്കോളർഷിപ്പ് പരീക്ഷ**

വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷ **2023 മെയ് 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്ത്** കുറവിലങ്ങാട്, അരുവിത്തുറ, തുടങ്ങനാട്, പാലാ എന്നീ കേന്ദ്രങ്ങളിൽവച്ചു നടത്തപ്പെടുന്നതാണ്. രണ്ട് ടേമിലി പരീക്ഷകളുടെയും മാർക്കിന്റെ അടിസ്ഥാനത്തിൽ IV മുതൽ XII വരെ ക്ലാസ്സു കളിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന രണ്ടു കുട്ടികൾ വീതമാണ് പരീക്ഷയിൽ പങ്കെടുക്കുന്നത്.

**8. സേ പരീക്ഷ**

2023 ഫെബ്രുവരി 19-ന് നടത്തിയ X, XII ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷയിൽ വിജയിക്കാത്തവർക്കും ന്യായമായ കാരണത്താൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കുമായി സേ പരീക്ഷ നടത്തുന്നു. 2023 മെയ് 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്താണ് പരീക്ഷ നടത്തപ്പെടുന്നത്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. വിശുദ്ധവാരം**

ഓശാനഞായറാഴ്ച കുരുത്തോലപ്രദക്ഷിണം, പെസഹാവ്യാഴാഴ്ച കാലു കഴുകൽ ശുശ്രൂഷ, അപ്പം മുറിക്കൽ, ദുഃഖവെള്ളിയാഴ്ച വില്ലേജിലൂടെ കുരിശിന്റെ വഴി, വലിയ ശനിയാഴ്ച പുത്തൻ വെള്ളവും പുത്തൻ തീയും വെഞ്ചരിപ്പ്, ഉയിർപ്പു ഞായർ കർമ്മങ്ങൾ എന്നീ തിരുക്കർമ്മങ്ങൾ പാലാ മിഷനിലെ എല്ലാ പള്ളികളിലും നടത്തി.

**2. YUVI 2K23**

Catholic Students Movement (C.S.M.) Camp ഏപ്രിൽ 18 മുതൽ 22 വരെ നെന്നലിൽ നടന്നു. പാലാ സെന്റ് തോമസ് & അൽഫോൻസ, ചങ്ങനാശ്ശേരി എസ്.ബി. & അസംപ്ഷൻ, കുട്ടിക്കാനം മരിയൻ, കുറവിലങ്ങാട് ദേവമാതാ എന്നീ കോളേജുകളിൽനിന്നായി 40 അംഗങ്ങൾ പങ്കെടുത്തു. ഡയറക്ടർ ഫാ. കുര്യാക്കോസ് കാപ്പിലിപ്പറമ്പിൽ, പ്രൊഫ. സിബി കുര്യൻ, ദേവമാതാ കോളേജ്, അസി. പ്രൊഫ. സി. ഷീന എസ്.എ.ബി.എസ്., അൽഫോൻസ കോളേജ് എന്നിവർ നേതൃത്വം നൽകി. 22 ന് 7 pm ബിഷപ് മാർ ജോസഫ് കുന്നത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 23 ന് 8 pm ബിഷപ് മാർ പ്രിൻസ് ആന്റണി മിഷൻ പ്രവർത്തനത്തെക്കുറിച്ച് ക്ലാസ്സ് എടുത്ത് അംഗങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകി.

Fr. Mathew Puthiyidath Mission experience sharing നടത്തി. റവ. ഡോ. ജോർജ് കാരാംവേലിൽ, ഫാ. മാത്യു കവളംമാക്കൽ, ഫാ. തോമസ് ഓലിക്കൽപുത്തൻപുര, റവ. ഡോ. തോമസ് വടക്കേൽ, റവ.ഡോ. ജോസഫ് കരികുളം, ഫാ. ജോസഫ് കൈതോലിൽ എന്നിവർ ക്ലാസുകൾ നയിച്ചു. നെന്നെൽ, കൊനേംപെട്ട, മന്നഗൂഡം, ഗോല്ലപ്പള്ളി, കൊത്തഗൂഡം, വെങ്കിട്ടപുരം വില്ലേജുകൾ സന്ദർശിച്ചു. 19 ന് 7 pm. മന്നഗൂഡത്തു പ്രാർത്ഥനയ്ക്കുശേഷം youth & CSM അംഗങ്ങൾ കലാപരിപാടികളും നടത്തി. 20 ന് വൈകുന്നേരം CMI Hydrabad Provincial House, Bellampally സന്ദർശിച്ചു. രൂപതയുടെ എഫ്ഫാത്ത ധ്യാനകേന്ദ്രം സന്ദർശിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. 21 ന് വൈകുന്നേരം വെങ്കിട്ടപുരത്തു വിശുദ്ധ കുർബാന അർപ്പിച്ചു. youth & CSM കലാപരിപാടികൾ നടത്തി. Work experience ന്റെ ഭാഗമായി ഗൊല്ലപ്പള്ളിയിൽ സൂര്യകാന്തിപ്പൂവ് കൊട്ടി കായ് എടുക്കുവാൻ CSM അംഗങ്ങൾ സഹായിച്ചു. ക്യാമ്പിന്റെ ക്രമീകരണങ്ങൾക്ക് പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും നേതൃത്വം നൽകി. ക്യാമ്പ് വിജയകരമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി.

**3. തിരുനാൾ**

ഏപ്രിൽ 23 ന് പാലാ മിഷനിലെ പള്ളികളിൽ വിശുദ്ധ ഗീവർഗീസിന്റെ തിരുനാൾ ആഘോഷിച്ചു.

**4.** ഏപ്രിൽ 24 ന് പാലാ മിഷൻ അച്ചന്മാരും സിസ്റ്റേഴ്സും ഗോല്ലപ്പള്ളിയിൽ സൂര്യകാന്തിപ്പൂവ് കൊട്ടി കായ് എടുക്കുവാൻ സഹായിച്ചു.

**5. മിഷൻസന്ദർശനം**

പാലാ മിഷനിൽ ശുശ്രൂഷ ചെയ്തിരുന്ന ഫാ. ജോർജ് കാരാംവേലിൽ, ഫാ. തോമസ് ഓലിക്കൽപുത്തൻപുര, ഫാ. മാത്യു കവളംമാക്കൽ, ഫാ. ജോസഫ് കരികുളം എന്നിവരും, ഫാ. തോമസ് വടക്കേൽ, ഫാ. കുര്യാക്കോസ് കാപ്പിലി പറമ്പിൽ എന്നിവരും ഏപ്രിൽ 18 മുതൽ 22 വരെ പാലാ മിഷനിലെയും അദിലാബാദ് രൂപതയിലെയും വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു.

**6. അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

## പാലാ മിഷൻ – ഗുജറാത്ത്

**1. മൂറോൻ വെഞ്ചരിപ്പ്**

അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മണിനഗർ വി. ചാവറ കുര്യാക്കോസ് ഏലിയാസ് ദൈവാലയത്തിൽ വച്ച് മൂറോൻ വെഞ്ചരിപ്പു നടത്തപ്പെട്ടു. റീജണിലെ എല്ലാ വൈദികരും ചടങ്ങിൽ സഹകാർമ്മികരായിരുന്നു.

**2. വലിയ ആഴ്ച തിരുക്കർമ്മങ്ങൾ**

അങ്കലേശ്വർ സെന്റ് തോമസ് കുർബാന സെന്ററിൽ പെസഹാവ്യാഴാഴ്ചത്തെ തിരുകർമ്മങ്ങൾക്കും, ബാറൂച്ച് സെന്റ് തോമസ് കുർബാന സെന്ററിൽ ദുഃഖവെള്ളി ഈസ്റ്റർ ഞായർ തിരുക്കർമ്മങ്ങൾക്കും അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

**3. അങ്കലാവ് തീർത്ഥാടനം**

മനേജാ സെന്റ് അൽഫോൻസാ വഡോദര സെന്റ് മേരീസ് പള്ളികളുടെ ആഭിമുഖ്യത്തിൽ വി. കുരിശിന്റെ തിരുശേഷിപ്പ് സ്ഥാപിക്കപ്പെട്ടിരിക്കുന്ന അങ്കലാവ് പള്ളിയിലേക്കു തീർത്ഥാടനം നടത്തപ്പെട്ടു. നിരവധിയാളുകൾ അതിൽ പങ്കുചേർന്നു.

**4. നോമ്പുകാല ചാരിറ്റിപ്രവർത്തനങ്ങൾ**

a. മനേജാ സെന്റ് അൽഫോൻസാ പള്ളിയിലെ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഫുട്പാത്തുകളിലും ഗവൺമെന്റ് ആശുപത്രിയിലും ഭക്ഷണപ്പൊതികളും വസ്ത്രങ്ങളും വിതരണം ചെയ്തു.

b. സബർമതി സെന്റ് സെബാസ്റ്റ്യൻ കുർബാന സെന്ററിലെ മാതൃവേദി അമ്മമാരുടെ നേതൃത്വത്തിൽ നോമ്പുകാലത്ത് ഇടവകാംഗങ്ങളുടെ പക്കൽനിന്നു സമാഹരിച്ച തുക ഉപയോഗിച്ച് ഒരു നേരത്തെ ആഹാരം അമ്മമാർതന്നെ തയ്യാറാക്കി മദർ തെരേസ കോൺവെന്റിലെ അന്തേവാസികൾക്കു വിതരണം ചെയ്തു.

**5. വാർഷികധ്യാനം**

നോമ്പുകാലത്ത് എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും വാർഷികധ്യാനം നടത്തപ്പെട്ടു.

**6. സൺഡേസ്കൂൾ പ്രധാന അധ്യാപകരുടെ മീറ്റിംഗ്**

ഏപ്രിൽ മാസം രണ്ടാം തീയതി ഞായറാഴ്ച വൈകുന്നേരം സൺഡേസ്കൂൾ പ്രധാന അധ്യാപകരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് പുതിയ അധ്യയന വർഷത്തേക്കുവേണ്ട എല്ലാ ക്രമീകരണങ്ങളും മുൻകൂട്ടി തയ്യാറാക്കുകയുണ്ടായി.

**7. റീജണൽ ക്യാറ്റക്കിസം ഡയറക്ടേഴ്സ് മീറ്റിംഗ്**

ഏപ്രിൽ മാസം പന്ത്രണ്ടാം തീയതി ബുധനാഴ്ച ഹൈദരാബാദിൽവച്ചു നടത്തപ്പെട്ട ഗുജറാത്ത് റീജണൽ ക്യാറ്റക്കിസം ഡയറക്ടർമാരുടെ മീറ്റിംഗിൽ ഗുജറാത്ത് റീജണിനെ പ്രതിനിധീകരിച്ച് റീജണൽ ഡയറക്ടർ റവ.ഫാ. പോൾ പാറപ്ലാക്കൽ പങ്കെടുത്തു.

**8. കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ്**

ഏപ്രിൽ മാസം പതിനാറാം തീയതി ഞായറാഴ്ച സബർമതി ഇടവകയിലെ പൊതുയോഗം വികാരി ഫാ. പോൾ പാറപ്ലാക്കൽ വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ പുതിയ കൈക്കാരന്മാരെ യോഗം തിരഞ്ഞെടുത്തു.

**9. സന്ദർശനങ്ങൾ**

a. റവ. ഡോ. ജോസഫ് കടുപ്പിൽ, റവ. ഡോ. തോമസ് വടക്കേൽ എന്നിവർ ഗുജറാത്ത് റീജണിലെ എല്ലാ ഇടവകകളും കുർബാന സെന്ററുകളും സന്ദർ

ശിക്കുകയും വൈദികരോടു സംവദിക്കുകയും ബാപ്പുനഗർ മദർ മേരി ഇടവക യിലെ പുതുഞ്ഞായർ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു സന്ദേശം നൽകുകയും ചെയ്തു.

b. റവ. ഫാ. സെബാസ്റ്റ്യൻ തോണിക്കുഴി ബാപ്പുനഗർ മദർ മേരി ഇടവകയും സമീപത്തുള്ള മറ്റു കുർബാന സെന്ററുകളും സന്ദർശിക്കുകയും ബാപ്പുനഗർ ഇടവകയിൽ വാർഷികധ്യാനം നടത്തുകയും ചെയ്തു.

c. റവ. ഫാ. ജേക്കബ് പേഴത്തുങ്കൽ അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയിൽ വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും അഹമ്മദാബാദിലെ മറ്റു കുർബാന സെന്ററുകൾ സന്ദർശിക്കുകയും ചെയ്തു.

**10. ദുഃഖവെള്ളി സന്ദേശം**

അഹമ്മദാബാദിലെ വിവിധ ഇടവകകൾ ചേർന്നു നടത്തിയ കുരിശിന്റെ വഴിയിൽ അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയിലെ യുവജനങ്ങളും കുട്ടികളും സംയുക്തമായി സന്ദേശങ്ങൾ നല്കി.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ഏപ്രിൽ മാസത്തെ എക്സി ക്യൂട്ടീവ് യോഗം ഏപ്രിൽ 2 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണ ങ്ങാനം മാതൃഭവനിൽ വച്ചുനടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറ മ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ തോമസ് കടൂക്കു ന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങളെ പ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**ജൂനിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ 5,6,7,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ 21, 22 തീയതികളിൽ ഭരണ ങ്ങാനം മാതൃഭവനിൽ വച്ച് ജൂനിയേഴ്സ് ക്യാമ്പ് നടത്തി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ക്യാമ്പ് 2023 ഏപ്രിൽ 21 വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് 22 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിച്ചു . വിവിധ വിഷയങ്ങളിലായി ഡോ. അല ക്സ് കാവുകാട്ട്, ശ്രീ ബെന്നി മുത്തനാട്ട്, ഡോ. ജോബിൻ റ്റി. ജോണി, ശ്രീ ജൂബിൻ ജെയിംസ്, ഡോ. സിമിമോൾ സെബാസ്റ്റ്യൻ, ഫാ. അഗസ്റ്റിൻ കണ്ടത്തി ക്കുടിലിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. മികച്ച ക്യാമ്പേഴ്സ് ആയി മെറിയം

റാണി ഫ്രാൻസിസ് (കയ്യൂർ ശാഖ), ഡോൺ ജോസഫ് ജോണി (തിടനാട് ശാഖ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. വിവിധ ശാഖകളിൽനിന്നായി 98 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ഏപ്രിൽ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖല വാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 2 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം ഏപ്രിൽ 2 ഞായറാഴ്ച നടന്നു.

**രാമപുരം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 2 ഞായറാഴ്ച നടന്നു.

**കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 1 ശനിയാഴ്ച നടന്നു.

**പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 2 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 2 ഞായറാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു.

**മേഖല ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് ഭരണങ്ങാനം മേഖലയുടെ ആഭിമുഖ്യത്തിൽ 8,9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സീനിയേഴ്സ് ക്യാമ്പ് ഏപ്രിൽ 17,18,19

തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വെച്ചു നടത്തത്തി. വിവിധ ശാഖകളിൽ നിന്നായി 40 കുട്ടികൾ പങ്കെടുത്തു.

**ഇലഞ്ഞി മേഖല**

**എക്സിക്യൂട്ടീവ്**

ഇലഞ്ഞി മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 2 ഞായറാഴ്ച നടന്നു.

**ചേർപ്പുങ്കൽ മേഖല**

ചെറുപുഷ്പ മിഷൻ ലീഗ് ചേർപ്പുങ്കൽ മേഖല എക്സിക്യൂട്ടീവ് ഏപ്രിൽ 2 ഞായറാഴ്ച നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**യാത്രയയപ്പ് നൽകി**

ആറുമാസക്കാലം കെ. സി. എസ്. എൽ ഓഫീസിൽ റീജന്റായി സേവനംചെയ്ത ബ്രദർ ഫ്രാൻസിസ് കൊച്ചിലാത്തിന് യാത്രയയപ്പ് നൽകി. ഡയറക്ടർ ഫാ. ജോർജ്ജ് പുല്ലുകാലായിൽ, പ്രസിഡന്റ് ജിജോ മാത്യു, മറ്റ് എക്സിക്യൂട്ടീവംഗങ്ങൾ തുടങ്ങിയവർ ബ്രദറിന് പ്രാർത്ഥനാശംസകൾ നേർന്നു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

മാർച്ച് 31 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണിവരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തേണ്ട അവധിക്കാല ക്യാമ്പിനെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി തീരുമാനങ്ങൾ എടുത്തു.

**കളരി എഡിറ്റോറിയൽ ബോർഡ്**

കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ കുട്ടികളുടെ മാഗസിൻ 'കളരി' കൂടുതൽ മികവുറ്റതാക്കുന്നതിനായി പുതിയ എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ചു. ശ്രീ പയസ് കുര്യൻ ചീഫ് എഡിറ്ററായും ശ്രീ റ്റോം കെ മാത്യു, ശ്രീമതി വിജയകുമാരി ചോക്കോ, സാഗര എസ്. എന്നിവർ ബോർഡ് അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.

**സ്വാഗതം ചെയ്തു**

കെ.സി.എസ്.എൽ. ഓഫീസിലെ പുതിയ റീജന്റായി ചാർജ്ജെടുത്ത ബ്രദർ റിജു ബെന്നി തുളുവനാനിക്കലിനെ കെ.സി.എസ്.എൽ കുടുംബത്തിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്തു.

**സ്റ്റേറ്റ് ക്യാമ്പ്**

ഏപ്രിൽ 13, 14, 15 തീയതികളിൽ തൃശ്ശൂർ മേജർ സെമിനാരിയിൽ വച്ചു നടന്ന കെ. സി. എസ്. എൽ സ്റ്റേറ്റ് ക്യാമ്പിൽ പാലാ രൂപതയിൽനിന്ന് 10 കുട്ടികൾ പങ്കെടുത്തു. മിഷ്മാ മനോജ് (സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്, പാലാ) ഹൈസ്ക്കൂൾ വിഭാഗം സ്റ്റേറ്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

**അവധിക്കാല ക്യാമ്പ്**

ഏപ്രിൽ 24, 25, 26 തീയതികളിൽ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ക്യാമ്പ് നടത്തപ്പെടുന്നു. മെയ് 2,3,4 തീയതികളിൽ 5,6,7,8 ക്ലാസ്സുകളിലെ കുട്ടികൾക്കായി ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ചും ക്യാമ്പ് നടത്തപ്പെടുന്നതാണ്.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതസമിതിയുടെ നേതൃത്വത്തിൽ വിമലഗിരി–ചക്കിക്കാവിൽ കുരിശുമല തീർത്ഥാടനം നടത്തി.**

ചക്കിക്കാവ് എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ വിവാഹതടസ്സം നേരിടുന്ന യുവജനങ്ങളെ സമർപ്പിച്ചുകൊണ്ട് മൂലമറ്റം ഫൊറോനാ, ചക്കിക്കാവ് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ മൂലമറ്റം, തുടങ്ങനാട്, കടനാട് ഫൊറോനകളിലെ യുവജനങ്ങളുടെ സാന്നിധ്യത്തിൽ ചക്കിക്കാവ് കുരിശുമലയിൽ കുരിശിന്റെ വഴി തീർത്ഥാടനം നടത്തി. വിമലഗിരി പള്ളി വികാരി ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, മൂലമറ്റം ഫൊറോന ഡയറക്ടർ ഫാ. പ്രിൻസ് താന്നിമല, തുടങ്ങനാട് ഫൊറോന ഡയറക്ടർ ഫാ. എബ്രഹാം കാക്കാനിയിൽ, സിബിഗിരി യൂണിറ്റ് ഡയറക്ടർ ഫാ.ജോസഫ് കുറുമുട്ടം, ഫാ. ജോസഫ് പൂവത്തോലിൽ, രൂപത പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, എസ്.എം.വൈ.എം. പാലാ രൂപത ജോയിന്റ് ഡയറക്ടർ സി. നവീന സി.എം.സി, സി. നിർമൽ തെരേസ് എസ്.എം.സി., സെക്രട്ടറി ആൽഫി ഫ്രാൻസീസ്, ട്രഷറർ എബി നൈജിൽ, കൗൺസിലർ ജിയോ റോയി, സിൻഡിക്കേറ്റ് കൗൺസിലേഴ്സ് മഞ്ജു, ഡാനി, ബ്ലെസി എന്നിവർ കുരിശുമല കയറ്റത്തിനു നേതൃത്വം നൽകി. മൂന്നു ഫൊറോനകളിൽ നിന്നുമായി 160 ഓളം യുവജനങ്ങൾ കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

2. ഈസ്റ്ററിൽ ജയിലുകളിൽ നടത്തിയിരുന്ന വിശുദ്ധ കുർബാന നിർത്തലാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെയും, ക്രൈസ്തവസമൂഹത്തിന്റെ പുണ്യദിനമായ പെസഹാവ്യാഴം, ദുഃഖവെള്ളി ദിവസങ്ങൾ പ്രവൃത്തിദിനങ്ങളാക്കിയ സർക്കാർ ഉത്തരവിനെതിരെയും എസ്.എം.വൈ.എം. പാലാ രൂപത ശക്തമായി അപലപിച്ചു.

**3. ജന്മദിനാശംസകൾ നേർന്നു.**

മുൻ പാലാ രൂപതാധ്യക്ഷനും SMYM പാലാ രൂപതയുടെ ആദ്യ ഡയറക്ടറുമായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് ജന്മദിനാശംസകൾ നേർന്നു.

**4. SMYM റീജെന്റ് ബ്രദറിന് സ്വീകരണം നൽകി.**

എസ്.എം.വൈ.എം. കുടുംബത്തിലേക്കു പുതിയതായി കടന്നുവന്ന ബ്രദർ ജോർജ് ഇടയോടിയിലിന് രൂപതാസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ സ്വീകരണം നൽകി.

### 5. SMYM റീജന്റ് ബ്രദറിന് യാത്രയപ്പ് നൽകി

ആറുമാസക്കാലം SMYM പ്രസ്ഥാനത്തിനോടൊപ്പം ചേർന്നുനിന്ന റീജന്റ് ബ്രദർ സ്റ്റാൽവിൻ വലിപ്ലാക്കിലിനു രൂപതാസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ യാത്രയയപ്പു നൽകി.

### 6. SMYM പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ ഫൊറോനാ വിസിറ്റ് നടത്തി.

SMYM പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ് എന്നിവരുടെയും മറ്റു രൂപതാഭാരവാഹികളുടെയും നേതൃത്വത്തിൽ ഭരണങ്ങാനം, പാലാ, ഫൊറോനകളിൽ വിസിറ്റ് നടത്തി.

**7.** ഇടുക്കി ജില്ല ബാർ അസോസിയേഷൻ ജോയിൻ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മൂലമറ്റം യൂണിറ്റ് പ്രസിഡന്റ് അഡ്വ. അമൽ ജോഷിക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.

### 8. SMYM പാലാ രൂപത അർദ്ധവാർഷിക സെനറ്റ്

SMYM പാലാ രൂപത അർദ്ധവാർഷിക സെനറ്റ് ഏപ്രിൽ 21ന് കുറവിലങ്ങാട് ഫൊറോനയിലെ രത്നഗിരി ഇടവകയിൽവെച്ച് നടത്തപ്പെട്ടു. സെനറ്റ് സമ്മേളനം കെ.സി.വൈ.എം സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ഗ്രാലിയ അന്ന വെട്ടുകാട്ടിൽ ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡന്റ് തോമസ് ബാബു സെനറ്റിന് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടോണി കവിയിൽ സ്വാഗതം ആശംസിച്ചു. വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, ഡെപ്യൂട്ടി പ്രസിഡന്റ് ഡോൺ, സെക്രട്ടറി ആൽഫി, ട്രഷറർ എബി, കെ.സി.വൈ.എം. കൗൺസിലർ, ജിയോ, മറ്റ് രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, രൂപതയിലെ 17 ഫൊറോനകളിൽനിന്നുള്ള യുവജന പ്രതിനിധികൾ ഉൾപ്പെടെ നൂറ്റിനാല്പതോളം അംഗങ്ങൾ സെനറ്റിൽ പങ്കെടുത്തു.

### 9. കാർഷികമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകി എസ്.എം.വൈ.എം. പാലാ രൂപത

SMYM പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ അരമനയോടു ചേർന്നുള്ള സ്ഥലത്ത് കൃഷിക്ക് തുടക്കംകുറിച്ചു. പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, കൗൺസിലർ ജിയോ റോയി, ട്രഷറർ എബി നൈജിൽ, എന്നിവർ കൃഷിക്ക് നേതൃത്വം നൽകി.

### 10. യൂണിറ്റ് പ്രസിഡന്റ് & ജനറൽ സെക്രട്ടറി മീറ്റിംഗ്

പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ച് ഏപ്രിൽ 16 ഞായറാഴ്ച രണ്ടു മണിക്ക് യൂണിറ്റ് പ്രസിഡന്റുമാരുടെയും ജനറൽ സെക്രട്ടറിമാരുടെയും മീറ്റിംഗ് നടത്തപ്പെട്ടു.

SMYM സംഘടനയെക്കുറിച്ച് ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. മാണി കൊഴുപ്പൻകുറ്റി യുവജനങ്ങൾക്കു നിർദ്ദേശം നൽകി. രൂപതാഭാരവാഹികൾ, യൂണിറ്റ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ എന്നിവർ ഉൾപ്പെടെ നൂറോളം യുവജനങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

**11. KALASH -2K23 6'S FOOTBALL TOURMANENT**

എസ്എംവൈഎം - കെസിവൈഎം പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ KALASH -2K23 6'S FOOTBALL TOURMANENT ഇലഞ്ഞി ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. ബഹുമാനപ്പെട്ട പിറവം എംഎൽഎ അനൂപ് ജേക്കബ് ഉദ്ഘാടനം നിർവഹിച്ചു.

**12. കെസിവൈഎം സംസ്ഥാനസമിതിയുടെ ലീഡ് ഓൺ ക്യാമ്പിൽ പങ്കെടുത്തു**

മാനന്തവാടി കെസിവൈഎം സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ രൂപതാ ഭാരവാഹികൾക്കായി ഏപ്രിൽ 29,30 തീയതിയിൽ നടത്തപ്പെട്ട ലീഡ് ഓൺ ക്യാമ്പിൽ പാലാ രൂപതയിൽനിന്ന് തോമസ് ബാബു, ടോണി കവിയിൽ, സെഞ്ചു ജേക്കബ്, ജിയോ റോയി, റിയ, എബി എന്നീ അംഗങ്ങൾ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**നൈറ്റ് വിജിൽ**

എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച നടന്നുവരുന്ന നൈറ്റ് വിജിൽ മാർച്ച് മാസം 31-ാം തീയതി വൈകിട്ട് 7 മണി മുതൽ ഏപ്രിൽ 1 രാവിലെ 5 മണി വരെ നടത്തപ്പെട്ടു. ഇരുപതോളം പേർ പങ്കെടുത്തു.

**ബ്ലൂമിങ് റോസസ് ഇന്റർസെഷൻ**

എല്ലാ വ്യാഴാഴ്ചയും ബ്ലൂമിങ് ഇന്റർസെഷന്റെ ഭാഗമായി അരുവിത്തുറ വല്യച്ചൻമല കുരിശിന്റെവഴി ചൊല്ലി കയറി.

ബ്ലൂമിങ് റോസസിന്റെ ഇന്റെഴ്സെഷൻ എല്ലാ ദിവസവും വൈകിട്ട് 9 മുതൽ 9:30 വരെ നടത്തപ്പെട്ടു. ഗൂഗിൾ മീറ്റിലൂടെ ഓൺലൈൻ ആയാണ് നടത്തപ്പെട്ടത്. ഇരുപതു പേരോളം എന്നും പ്രാർത്ഥനയിൽ പങ്കെടുത്തു.

ബ്ലൂമിങ് റോസസിനോടനുബന്ധിച്ച് ഏപ്രിൽ 11-ാം തീയതി മുതൽ എല്ലാ ദിവസവും വൈകിട്ട് 4:00 മണിക്ക് അരുവിത്തുറ സെന്റ് ജോർജ് കോളജ് ഓഡിറ്റോറിയത്തിന് ചുറ്റും ജറിക്കോ പ്രാർത്ഥന നടത്തപ്പെട്ടു.

ബ്ലൂമിങ് റോസസിനോടനുബന്ധിച്ച് ഏപ്രിൽ 17 ന് ഒരുനേരം ഉപവസിച്ച് പ്രാർത്ഥിച്ചു.

ബ്ലൂമിങ് റോസസിന്റെ ഫിനാൻസ് കണ്ടുപിടിക്കാനായി സെന്റ് ഗ്രിഗോറിയോസ് ദൈവാലയം കിഴപറയാറിൽ ആക്രി പെറുക്കി.

**വാഗമൺ കാൽനടതീർത്ഥാടനം**

ദുഃഖവെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് വല്യച്ചൻമലയിൽനിന്ന് വാഗമണ്ണിലേക്കു കാൽനടയായി കുരിശിന്റെവഴി ചൊല്ലി തീർഥയാത്ര നടത്തി. 5 പേർ പങ്കെടുത്തു.

**വിറ്റനോവ**

2023 ഏപ്രിൽ 14 മുതൽ 16 വരെ ചൂണ്ടച്ചേരി സെന്റ് ജോസഫ് എൻജിനീയറിങ് കോളേജിൽവച്ച് Vitanova നടത്തപ്പെട്ടു. നാല്പതോളം വിദ്യാർത്ഥികൾ

പങ്കെടുത്തു. ഈശോയുടെ സ്നേഹം ആഴത്തിൽ മനസ്സിലാക്കാൻ സഹായിച്ച മൂന്നു ദിവസങ്ങളായിരുന്നു.

**പ്രോലൈഫ് എക്സിബിഷൻ**

വിറ്റനോവയുടെ ഭാഗമായി കോളേജിൽ പ്രൊലൈഫ് എക്സിബിഷൻ നടത്തപ്പെട്ടു. ജീവന്റെ മൂല്യത്തെപ്പറ്റി കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു.

**വോളന്റിയേഴ്സ് ട്രെയിനിംഗ്**

15/04/2023, ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ഷലോം പാസ്റ്ററൽ സെന്റർ പാലായിൽവച്ചു വോളന്റിയർസ് ട്രെയിനിംഗ് നടത്തപ്പെട്ടു. ബ്ലൂമിങ് റോസസിനുവേണ്ടി ഓരോരുത്തർക്കും കൂടുതൽ ഒരുങ്ങാൻ കഴിഞ്ഞു. 20 പേർ പങ്കെടുത്തു.

**ബ്ലൂമിങ് റോസസ്**

8 മുതൽ 12 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി എല്ലാ വർഷവും പാലാ ജീസസ് യൂത്ത് നടത്തുന്ന പ്രോഗ്രാം ബ്ലൂമിങ് റോസസ് ഈ വർഷം ഏപ്രിൽ മാസം 18 മുതൽ 21 വരെ തീയതികളിൽ അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വച്ച് നടത്തപ്പെട്ടു. 371 കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുത്തു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ഈശോയെ വ്യക്തിപരമായി അനുഭവിച്ചിട്ടാണ് ഓരോ കുട്ടിയും പ്രോഗ്രാമിൽനിന്നു പോയത്.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ജാഗ്രതാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി എല്ലാ ഇടവകകളിലേക്കും ഡയറക്ടറച്ചൻ കത്തുകൾ അയച്ചു. കുടുംബക്കൂട്ടായ്മയിൽ വചന വ്യാഖ്യാനത്തിനും ചർച്ചകൾക്കുമായിട്ടുള്ള രൂപരേഖയുടെ ആദ്യഭാഗവും ജാഗ്രതാ സമിതിയുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട കാര്യങ്ങളും പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾക്കൊപ്പം ചേർത്തിരുന്നു.

**2.** കാവുംകണ്ടം സെന്റ് മരിയ ഗൊരേത്തി ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സ്ഥാനാരോഹണസമ്മേളനത്തിൽ വികാരി ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. രൂപത കുടുംബക്കൂട്ടായ്മ പ്രസിഡന്റ് 'കൂട്ടായ്മ കാലഘട്ടത്തിന്റെ ആവശ്യം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

**3.** കുടുംബക്കൂട്ടായ്മ രൂപതാ കൗൺസിൽ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. മുൻ പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ ശ്രീ ജോണി വേലംകുന്നേൽ എന്നിവർക്കു യോഗം നന്ദി രേഖപ്പെടുത്തി. ഓൺലൈൻ സമ്മേളനങ്ങൾ മുടങ്ങാതെ നടത്തുന്ന ഫൊറോനാകളെയും യോഗം അഭിനന്ദിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ഏപ്രിൽ 3–5, 17–19** തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 280 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**മെയ് 15–17, ജൂൺ 5–7, 19–21** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഏപ്രിൽ മാസത്തിലെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, റവ. ഫാ. തോമസ് മണ്ണൂർ തുടങ്ങിയവർ ക്ലാസ്സെടുത്തു. രണ്ട് മീറ്റിങ്ങിലായി 403 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. വൊക്കേഷൻ കമ്മീഷൻ**

ഏപ്രിൽ 21-ാം തീയതി ചങ്ങനാശ്ശേരിയിൽവച്ചു നടന്ന വൊക്കേഷൻ കമ്മീഷൻ മീറ്റിങ്ങിൽ ഫാമിലി അപ്പോസ്തലേറ്റിനെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും പിതൃവേദി രൂപതാഭാരവാഹികളും പങ്കെടുത്തു.

**B. പിതൃവേദി**

**1. രൂപതാസമിതി**

ഏപ്രിൽ 27-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടി.

**2. ആദരിക്കൽ**

ഏപ്രിൽ 2-ാം തീയതി മണ്ണാറപ്പാറ പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ മുതിർന്നവരെ ആദരിക്കൽ ചടങ്ങിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വള്ളോംപുരയിടം അദ്ധ്യക്ഷത വഹിച്ചു.

**C. മാതൃവേദി**

**1. രൂപതാസമിതി**

ഏപ്രിൽ 26-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**2. മേഖലാപ്രവർത്തനോദ്ഘാടനം**

കൂട്ടിക്കൽ ഇടവകയിൽ മാതൃവേദിയുടെ മേഖലാപ്രവർത്തനോദ്ഘാടനവും വാർഷികാഘോഷവും രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. വികാരി വെരി റവ. ഫാ. ജോസഫ് വടക്കേമംഗലത്ത് സന്നിഹിതനായിരുന്നു. രൂപതാ പ്രസിഡന്റ് സിജി ലൂക്ക്സൺ, സെക്രട്ടറി ഷേർളി ചെറിയാൻ മഠത്തിപ്പറമ്പിൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**3. പാനവായനാമത്സരം**

ഏപ്രിൽ 1-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ പാനവായനാമത്സരം നടത്തപ്പെട്ടു. 17 ഫൊറോനയിലെയും ഒന്നാം സ്ഥാനം ലഭിച്ച ഗ്രൂപ്പ് അംഗങ്ങൾ രൂപതാതലമത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ ഭരണങ്ങാനം മേഖലയിലെ അമ്മമാർക്ക് ഒന്നാം സ്ഥാനവും കൂട്ടിക്കലിനു രണ്ടാം സ്ഥാനവും കോതനെല്ലൂരിന് മൂന്നാംസ്ഥാനവും ലഭിച്ചു. മാതൃവേദി രൂപതാസമിതി അംഗങ്ങൾ പരിപാടിക്കു നേതൃത്വം നല്കി.

## D. പ്രോലൈഫ്

**1. സമ്മേളനം**

ഏപ്രിൽ 29-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു.

## E. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ പാലാ മാട്രിമണി' സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

## F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസ്സിങ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — 9496571321

**G. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി ഏപ്രിൽ മാസത്തിൽ **കൈപ്പള്ളി, കിഴപറയാർ, സിബിഗിരി (2)** ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**എക്സിക്യൂട്ടീവ് യോഗം**

രൂപത എക്സിക്യൂട്ടീവ് യോഗം പ്രസിഡന്റ് എമ്മാനുവേൽ നിധീരിയുടെ അധ്യക്ഷതയിൽ രാമപുരം ഫൊറോന പാരിഷ് ഹാളിൽ ചേർന്നു. ആനുകാലിക സാമൂഹ്യ, രാഷ്ട്രീയ, കാർഷികപ്രശ്നങ്ങൾ ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സാജു അലക്സ്, എം.എം. ജേക്കബ്, ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാബു എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി.

**തീരുമാനങ്ങൾ**

**1.** 105-ാം ജന്മദിനം രൂപതാതലത്തിൽ ആഘോഷിക്കുന്നതിന് ഇലഞ്ഞി ഫൊറോന പള്ളിയിൽ നടത്തുവാൻ തീരുമാനിച്ചു. അതിനുള്ള ക്രമീകരണങ്ങൾ നടത്തുവാൻ പ്രസിഡന്റിനെ ചുമതലപ്പെടുത്തി.

**2.** ഗ്ലോബൽ തലത്തിലുള്ള 105-ാം ജന്മദിനാഘോഷം മാനന്തവാടി രൂപതയിൽ രൂപത പാസ്റ്ററൽ സെന്ററായ ദ്വാരകയിൽ നടത്തുന്ന ഏപ്രിൽ 22, 23 തീയതികളിൽ പാലാ രൂപതയിൽനിന്നുള്ള കേന്ദ്ര പ്രതിനിധി സംഘാംഗങ്ങളെ പങ്കെടുപ്പിക്കുന്നതിന് ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**3.** ഏപ്രിൽ 30 ന് എല്ലാ ഇടവകയിലും ജന്മദിനാഘോഷം നടത്തുന്നതിനും രാവിലെതന്നെ വിശുദ്ധ കുർബാനയ്ക്കുശേഷം പതാക ഉയർത്തുന്നതിനും തുടർന്ന് കാർഷികമേഖലയിലെ പ്രശ്നങ്ങളെ അവതരിപ്പിക്കുന്നതിന് കാർഷിക ക്യാമ്പ് തെളിക്കുന്നതിനും തീരുമാനിച്ചു.

**ദീപശിഖ തെളിക്കൽ**

മാനന്തവാടിയിൽ വച്ചു നടക്കുന്ന 105-ാം ജന്മദിനാഘോഷത്തിൽ കത്തിക്കുന്നതിനുള്ള ദീപശിഖ ഏപ്രിൽ 20 ന് വൈകുന്നേരം 5 മണിക്ക് നിധിരിക്കൽ മാണിക്കത്തനാരുടെ കബറിടത്തിലുള്ള പ്രാർത്ഥനയ്ക്കുശേഷം പ്രഥമ അല്മായ പ്രസിഡന്റ് ജോൺ നിധീരിയുടെ കബറിടത്തിൽനിന്ന് കത്തിച്ച ദീപശിഖ സംസ്ഥാന പ്രസിഡന്റ് സഭാതാരവും ചരിത്രകാരനുമായ ജോൺ കച്ചിറമറ്റം ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിനു കൈമാറി ഉദ്ഘാടനം ചെയ്തു. പ്രാർത്ഥനകൾക്കു റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നേതൃത്വം നൽകി. ആർച്ചുപ്രീസ്റ്റ് റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ എല്ലാവരെയും സ്വാഗതം ചെയ്യു

കയും പ്രോഗ്രാമിനു നേതൃത്വം നല്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് വടയാറ്റുകുഴി ഗ്ലോബൽ ഭാരവാഹികളായി രാജീവ് കൊച്ചുപറമ്പിൽ, ജോസ്കുട്ടി ഒഴുകയിൽ, തോമസ് റ്റി.പി., ജോമി കൊച്ചുപറമ്പിൽ, രാജാവ് ജോൺ, ബിനു ഡൊമിനിക് പാലാ രൂപത കുറവിലങ്ങാട് ഫൊറോന, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**സ്വാഗതസംഘരൂപീകരണം**

105-ാം ജന്മദിനാഘോഷം രൂപതാതലത്തിൽ നടത്തുന്നതിനുള്ള സ്വാഗത സംഘം രൂപീകരണം ശ്രീ എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ ഇലഞ്ഞി ഫൊറോന പള്ളി ഹാളിൽ ചേർന്നു. ഇലഞ്ഞി ഫൊറോന വികാരി പെരിയ ബഹു. ജോസഫ് ഇടത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം നടത്തേണ്ട ക്രമീകരണങ്ങൾ വിശദീകരിച്ച് രൂപത സെക്രട്ടറി ബേബി ആലുങ്കൽ, ഇലഞ്ഞി ഫൊറോന പ്രസിഡന്റ് ജയിംസ് കുറ്റിക്കോട്ടയിൽ, സെക്രട്ടറി ജോസഫ് ജോസഫ് ഫൊറോന, യൂണിറ്റ് ഭാരവാഹികൾ ചർച്ചകൾക്ക് നേതൃത്വം നല്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. ഏപ്രിൽ 30 ന് ഉച്ചകഴിഞ്ഞ് 2.30 ന് നടത്തുക.

2. ഇലഞ്ഞി ഫൊറോനയിലെ എല്ലാ യൂണിറ്റുകയും സന്ദർശിച്ച് ഡയറക്ടർ മാരെയും ഭാരവാഹികളെയും ക്ഷണിക്കുക.

**യൂണിറ്റ് സന്ദർശനം**

ഇലഞ്ഞി ഫൊറോനയിലെ യൂണിറ്റുകൾ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ഇലഞ്ഞി ഫൊറോന പ്രസിഡന്റ് ജയിംസ് കുറ്റിക്കോട്ടയിൽ, രൂപത എക്സിക്യൂട്ടീവ് അംഗം ബെന്നി കൊഴുപ്പൻകുറ്റി എന്നിവർ സന്ദർശിച്ച് യൂണിറ്റ് ഡയറക്ടർമാരുമായി സംഭാഷണം നടത്തി.

**മാനന്തവാടി സമ്മേളനം**

പാലാ രൂപതയിൽനിന്ന് പ്രസിഡന്റ് എമ്മാനുവേൽ നിധീരിയും ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം എന്നിവരുടെ നേതൃത്വത്തിൽ പ്രതിനിധികൾ, മാനന്തവാടിയിൽവച്ചു നടത്തിയ 105-ാം ജന്മദിനാഘോഷത്തിൽ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**മുട്ടം സിബിഗിരി**

എല്ലാ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഡയറക്ടർ റവ.ഫാ. ജോൺ പാളിത്തോട്ടത്തിന്റെ നേതൃത്വത്തിൽ വി. ദൈവസഹായംപിള്ളയുടെ കബറിടത്തിലേക്ക് തീർത്ഥയാത്ര നടത്തി.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**സോണൽ വാർഷികാഘോഷങ്ങളും വനിതാദിനാഘോഷവും**

പൂഞ്ഞാർ സോണിന്റെ വാർഷികവും വനിതാദിനാഘോഷവും പൂഞ്ഞാർ സെന്റ് മേരീസ് പാരിഷ് ഹാളിൽവച്ചു നടത്തപ്പെട്ടു. പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോന പള്ളി വികാരി ഫാ. മാത്യു കടൂക്കുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ് അത്തിയാലിൽ ഉദ്ഘാടനം നിർവഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. സോൺ ഡയറക്ടർ ഫാ. ജോസഫ് ആറ്റുചാലിൽ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ റോജി തോമസ് മുതിരേന്തിക്കൽ മേരി തോമസ് ചെരുവിൽ, സോൺ കമ്മറ്റിയംഗങ്ങളായ സിബി കണിയാംപടി, ജസ്റ്റിൻ ഇടയോടിൽ, റാണി മാത്യു ചിറയാത്ത്, സോഫി രാജേഷ് ചക്കുങ്കൽ, സിനി ജെയിംസ് ചേലയ്ക്കപ്പള്ളിൽ, സന്ധ്യ മനീഷ് പുതുവായിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**'സജീവം' ലഹരിവിരുദ്ധയജ്ഞം സെമിനാർ**

പൂഞ്ഞാർ സോണിന്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും കാരിത്താസ് ഇന്ത്യയും സംയുക്തമായി നടന്ന ലഹരിവിരുദ്ധയജ്ഞത്തിന്റെ ഭാഗമായി സെമിനാറും ഏകാംഗനാടകവും അവതരിപ്പിച്ചു. സി. ഗ്രോസ്മി സി.എം.സി. ക്ലാസുകൾ നയിച്ചു. ജോണി പരുമല രാസലഹരി അടിമത്തത്തെക്കുറിച്ച് 'മരണമൊഴി' എന്ന പേരിൽ ഏകാംഗനാടകം അവതരിപ്പിച്ചു.

**അരുവിത്തുറ സോൺ**

അരുവിത്തുറ സോണിന്റെ വാർഷികാഘോഷവും വനിതാദിനാചരണവും സെന്റ് ജോർജ് ഫൊറോനാപ്പള്ളി വികാരി വെരി റവ. ഡോ. അഗസ്റ്റ്യൻ പാലയ്ക്കപറമ്പിലിന്റെ അധ്യക്ഷതയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഡോ. ആൻസി വടക്കേചിറയാത്ത് വനിതാദിനസന്ദേശം നൽകി.

തുടർന്ന് കാരിത്താസ് ഇന്ത്യയുടെ പി.എസ്.ഡബ്ല്യു.എസ്. ചേർന്ന സജീവം ലഹരി വിരുദ്ധയജ്ഞത്തിന്റെ ഭാഗമായി രാസലഹരികളും വിപത്തുകളും തടയുന്നത് എങ്ങനെയെന്ന വിഷയത്തെക്കുറിച്ച് സി. ഗ്രേസ്മി സി.എം.സി. ക്ലാസ്സെടുത്തു.

**കൂട്ടിക്കൽ സോൺ**

കൂട്ടിക്കൽ സോണിന്റെ വാർഷികവും വനിതാദിനാചരണവും സോണൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേമംഗലത്തിന്റെ അദ്ധ്യക്ഷതയിൽ കൂട്ടിക്കൽ പഞ്ചായത്ത് പ്രസിഡന്റ് സിന്ധു മുരളീധരൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്തു മെമ്പർ ജെസി ജോസ്, റീജണൽ കോർഡിനേ

റ്റർ സിബി കണിയാംപടി, സോൺ ഭാരവാഹികൾ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**തീക്കോയി സോൺ**

തീക്കോയി സോൺ ദിനാചരണം സോൺ രക്ഷാധികാരി റവ. ഡോ. തോമസ് മേനാച്ചേരിയുടെ അദ്ധ്യക്ഷതയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് മെമ്പർ ഓമന ഗോപാലൻ വനിതാദിനസന്ദേശം നൽകി. റീജണൽ ഡയറക്ടർ സിബി കണിയാംപടി, സോൺ ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ റോയിച്ചൻ മടിക്കാങ്കൽ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**മുട്ടക്കോഴിവിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽ ബി.വി. 380 എന്ന ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളും ഹൈടെക് കോഴിക്കൂടുകളും വിതരണം ചെയ്തു.

**പച്ചക്കറിത്തൈവിതരണം**

ഓണക്കാലത്ത് എല്ലാ വീടുകളിലും വിഷരഹിതപച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മേയ് 15 മുതൽ പച്ചക്കറിത്തൈ വിതരണം അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽ നടത്തുന്നു. ചീനി, വെണ്ട, വഴുതന, മത്തൻ, പടവലം, കുക്കുമ്പർ, തക്കാളി, പയർ, കുറ്റിപ്പയർ, ചീര, കാന്താരി, വെള്ളരി തുടങ്ങി പച്ചക്കറിത്തൈകളാണു വിതരണം നടത്തുന്നത്.

**സ്വാശ്രയത്വത്തിന് നാടൻപശു**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നാടൻപശുക്കളെയും ഗവ്യ മൂല്യവർദ്ധിത ഉത്പന്നങ്ങളെയും പഞ്ചഗവ്യ ചികിത്സയെയുംകുറിച്ച് ഗവ്യസിദ്ധാചാര്യൻ ഡോ. നിരഞ്ജൻ വർമ ക്ലാസ്സു നയിച്ചു. സെമിനാറിന്റെ ഉദ്ഘാടനം പി. എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ പാലാ രൂപത ഫിനാൻസ് ഓഫീസർ റവ.ഫാ. ജോസഫ് മുത്തനാട്ട് നിർവഹിച്ചു. ആചാര്യ വിനയകൃഷ്ണൻ, ജോമി രത്നഗിരി തുടങ്ങിയവർ ചർച്ച നയിച്ചു.

**ലോകഭൗമദിനാചരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഏപ്രിൽ 22 ന് ലോകഭൗമ ദിനം പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ച് ആചരിക്കുകയുണ്ടായി. പഞ്ചഗവ്യ സിദ്ധാന്ത ഉപജ്ഞാതാവ് ഡോ. നിരഞ്ജൻവർമ ഫലവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഡാന്റീസ് കൂനാനിക്കൽ, ജോയി മടിക്കാങ്കൽ, സിബി കണിയാംപടി, പി.വി. ജോർജ് പുരയിടം, ബ്രദർ ഡിറ്റോ ഇടമശ്ശേരിൽ, മെർളി ജെയിംസ് തുടങ്ങിയവർ പങ്കെടുത്തു.

**കർഷക ഉത്പാദകകമ്പനികളുടെ നേതൃത്വസംഗമവും സംരംഭകത്വ സെമിനാറും**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ നബാർഡ്, എസ്.എഫ്.എ.സി., എൽ.സി.ഡി.സി തുടങ്ങിയ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കുന്ന കർഷകക്ഷേമപദ്ധതികളുടെ ഭാഗമായി രൂപീകൃതമായിരിക്കുന്ന കർഷക ഉത്പാദക കമ്പനികളുടെ നേതൃത്വസംഗമവും സംരംഭകത്വ സെമിനാറും കാഞ്ഞിരമറ്റം മാർ സ്ലീവാ പാരിഷ് ഹാളിൽവച്ചു നടത്തി. കാഞ്ഞിരമറ്റം ഫൊറോന പള്ളി വികാരി റവ.ഫാ. ജോസഫ് മണ്ണനാൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. നബാർഡ് ജില്ലാ മാനേജർ റജി വർഗീസ് മുഖ്യപ്രഭാഷണം നടത്തി. കർഷകർക്കുള്ള സർക്കാർ പദ്ധതികൾ, ശാസ്ത്രീമായ ആട്, പശു, പന്നി എന്നിവയുടെ വളർത്തലുകളെക്കുറിച്ച് ക്ലാസ് നടന്നു.

**ഫലവൃക്ഷത്തൈവിതരണം**

മേയ് 15 മുതൽ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് വിദേശ, സ്വദേശ ഫലവൃക്ഷതൈകളുടെ വിതരണം ആരംഭിക്കും.

**വിഷരഹിതമത്സ്യവിതരണം**

ആലപ്പുഴ സോഷ്യൽ സർവീസ് സൊസൈറ്റിയുമായി സഹകരിച്ച് പി.എസ്.ഡബ്ല്യു.എസ്. വിഷരഹിത ചെറുമത്സ്യങ്ങളുടെ വിതരണം ആരംഭിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ ജന്മദിനം ആഘോഷിച്ചു**

2023 ഏപ്രിൽ 1-ാം തീയതി ശനിയാഴ്ച പാലാ രൂപത വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് രാമപുരം ഫൊറോന പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചുസന്ദേശം നൽകി. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തുങ്കൽ പ്രത്യേക പ്രാർത്ഥനയും നടത്തി. ഡി.സി.എം.എസ് പാലാ രൂപത ഡയറ്കടർ ഫാ. ജോസ് വടക്കേക്കുറ്റ് സഹകർമ്മികനായിരുന്നു. കുർബാനയ്ക്കുശേഷം ചേർന്ന കുഞ്ഞച്ചൻ അനുസ്മരണസമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

**പി.എം. മാർക്കോസ് ചരമദിനാചരണം**

ഡിസിഎംഎസ് സംസ്ഥാനകമ്മിറ്റിയുടെ നേതൃത്വത്തിൽ സ്ഥാപക പ്രസിഡന്റ് പി.എം മാർക്കോസ് അനുസ്മരണം ഏപ്രിൽ 14 ന് ആചരിച്ചു. രാവിലെ 10.30 ന് വിജയപുരം രൂപത വികാരി ജനറാൾ റവ.മോൺ ജസ്റ്റിൻ മഠത്തിപ്പറമ്പിൽ വിശുദ്ധ കുർബാനയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ഡി.സി.എം.എസ്. സംസ്ഥാനഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് പി.എം മാർക്കോസ് സാറിന്റെ കബറിടത്തിൽ ഒപ്പീസ് ചൊല്ലി.

ഉച്ചയ്ക്ക് 2.00 മണിക്ക് നടന്ന അനുസ്മരണസമ്മേളനത്തിൽ ഡി.സി.എം.എസ് സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ഡി.സി. എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജസ്റ്റിൻ പി. സ്റ്റീഫൻ സമ്മേളന ത്തിനു സ്വാഗതം അർപ്പിച്ചു. ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. ശ്രീ തോമസ് ചാഴികാടൻ എം.പി. അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, കോട്ടയം ചെയർപേഴ്സൺ ശ്രീമതി ബിൻസി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, ഫാ. ജോസഫ് തറയിൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ വിൻസെന്റ് ആന്റണി, എന്നിവർ പ്രസംഗിച്ചു. ഡി.സി.എം.എസ്. സംസ്ഥാന ഓർഗനൈസർ ശ്രീമതി ത്രേസ്യാമ്മ മത്തായി പ്രമേയാവതരണം നടത്തി. ഡിസിഎംഎസ് സംസ്ഥാന സെക്രട്ടറി ബിജി സാലസ ് കൃതജ്ഞതയർപ്പിച്ചു.

**ഡി.സി.എം.എസ്. കുറവിലങ്ങാട് മേഖലാവാർഷികം**

2023 ഏപ്രിൽ 21 -ാം തീയതി വെള്ളിയാഴ്ച രാവിലെ 10 ന് കുറവിലങ്ങാട് മുത്തിയമ്മ ഹാളിൽവച്ച് മേഖലാവാർഷികം നടത്തപ്പെട്ടു. മേഖല പ്രസിഡന്റ് ശ്രീമതി മേരി എംപിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, മേഖല ഡയറക്ടർ ഫാ. ഓസ്റ്റിൻ മേച്ചേരി ഉദ്ഘാടനം നിർവഹിച്ചു. പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. ശ്രീ സി.ഒ. വർക്കി സ്വാഗതവും മേഖല സെക്രട്ടറി കുമാരി സോന ഷാജി റിപ്പോർട്ടും ഖജാൻജി റോസമ്മ ആന്റണി കണക്കും അവതരിപ്പിച്ചു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, ശ്രീ ബാബു ജോസഫ് എന്നിവർ ആശംസയർപ്പിച്ചു. ശ്രീമതി സിനി ബെന്നി കൃതജ്ഞതയർപ്പിച്ചു.

**വനിതാശക്തീകരണ സെമിനാർ**

കെസിബിസിയുടെയും ഡിസിഎംഎസ് സംസ്ഥാനസമിതിയുടെയും നേതൃത്വത്തിൽ 2023 ഏപ്രിൽ 21-ാം തീയതി വനിതാശക്തീകരണസെമിനാർ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ശ്രീമതി വത്സമ്മ ചാക്കോ അധ്യക്ഷത വഹിച്ച യോഗം കെ.സി.ബി.സി എസ്സി/എസ്ടി/ബിസി കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗ്ഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്തു. ശ്രീ ഷാജിമോൻ എ.റ്റി., ശ്രീ ജോസഫ് തോമസ് എന്നിവർ ക്ലാസ്സെടുത്തു.

ഉച്ചയ്ക്ക് 2 മണിക്ക് നടന്ന പൊതുസമ്മേളനത്തിൽ ഡി.സി.എം.എസ് സംസ്ഥാന സെക്രട്ടറി ശ്രീമതി ബിജി സാലസ് സ്വാഗതം ആശംസിച്ചു. സംസ്ഥാന ഓർഗനൈസർ ശ്രീമതി ത്രേസ്യാമ്മ മത്തായി അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പഞ്ചായത്തംഗം ശ്രീമതി നിർമ്മല ജിമ്മി ഉദ്ഘാടനം ചെയ്തു. ഡി.സി.എം.എസ് സംസ്ഥാന ഡയറകടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന അസി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ, ഡി.സി.എം.എസ്. വിജയപുരം രൂപത ഡയറക്ടർ ഫാ. ജോസഫ് തറയിൽ, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജസ്റ്റിൻ

പി. സ്റ്റീഫൻ, സംസ്ഥാന സമിതിയംഗം സിന്ധു കെ.ഒ. എന്നിവർ യോഗത്തിൽ ആശംസകളർപ്പിച്ചു സംസാരിച്ചു.

**ജീവിതദർശന ക്യാമ്പ്**

ഡി.സി.എം.എസ്. പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ മുണ്ടുപാലം ബ്ലസ്സഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 2023 ഏപ്രിൽ 24,25,26 തീയതികളിൽ 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്കുള്ള ജീവിതദർശന ക്യാമ്പ് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ ജോർജ്ജ് കരുണയ്ക്കൽ, ശ്രീ മഹാദേവൻ, കുമാരി അഞ്ജന, ഫാ. ജോസ് വട്ടോടിയിൽ എന്നിവർ ക്യാമ്പിന് ക്ലാസ്സെടുത്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, സോന ഷാജി, ജാൻവി, ആൽബിൻ ജോബി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

**കരിയർ ഗൈഡൻസ് ക്യാമ്പ്**

ഡി.സി.എം.എസ്. പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് 2023 ഏപ്രിൽ 26,27,28 തീയതികളിൽ 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള കരിയർ ഗൈഡൻസ് ക്യാമ്പ് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ ജോർജ്ജ് കരുണയ്ക്കൽ, ശ്രീ മഹാദേവൻ, കുമാരി അഞ്ജന, ഫാ. ജോസ് വട്ടോടിയിൽ, ശ്രീ ആഷിൻ പോൾ, ശ്രീ സദീപ് കെ. പി, റവ. സി. ഡോ. ഡോണ സി.വി എന്നിവർ ക്യാമ്പിന് ക്ലാസ്സെടുത്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി പാറയ്ക്കൽ, സോന ഷാജി, ജാൻവി, ആൽബിൻ ജോബി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

1. ഡിസൈർ പ്രോജക്ടിന്റെ ഭാഗമായുള്ള വീൽചെയർ, വാക്കിങ് സ്റ്റിക്ക്, വാക്കർ, ഡയപ്പർ മുതലായ എകിവ്പ്മെന്റ്സ് - രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം വിതരണം ചെയ്തു.
2. ഡിസെയർ പ്രോജക്ടിന്റെ ഭാഗമായി അഞ്ചു വനിതകൾക്ക് പശുവിനെ വാങ്ങാനുള്ള സഹായം (ലീവ്ലിഹുഡ് സപ്പോർട്ട്) നൽകി.
3. കാവാലി ഫാ. ബോഡ്‌വിംഗ് ഡേ കെയർ സെന്ററിൽ സന്ദർശനം നടത്തി

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

1. ഡിസൈർ പ്രോജക്ടിന്റെ ഭാഗമായുള്ള വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്, വാക്കർ, ഡയപ്പർ മുതലായ എക്വിപ്മെന്റ്സ് - രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം വിതരണം ചെയ്തു.
2. ഡിസെയർ പ്രോജക്ടിന്റെ ഭാഗമായി അഞ്ചു വനിതകൾക്ക് പശുവിനെ വാങ്ങാനുള്ള സഹായം (ലീവ്‌ലിഹുഡ് സപ്പോർട്ട്) നൽകി.
3. കെ.എൽ.എം. ഡയറക്ടേഴ്സിനുള്ള ഓൺ ലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2023**

രക്ഷകനും നാഥനുമായ ഈശോയെ ആഴത്തിലറിയുക ബൈബിൾ പ്രാർത്ഥനാപൂർവം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോഗോസ് ബൈബിൾ ക്വിസ് ഈ വർഷം കൂടുതൽ ജനപങ്കാളിത്തത്തോടെ നടത്തുവാൻ നമുക്കു പരിശ്രമിക്കാം.

പഠനവിഷയം : ജോഷ്വാ 13-24, പ്രഭാഷകൻ 27-33
ലൂക്കാ 1-8, 2 കോറിന്തോസ് 1-6

പരീക്ഷാത്തീയതി : 2023 സെപ്റ്റംബർ 24

സമയം : 2.00 pm - 3.30 pm

രജിസ്ട്രേഷൻ ആരംഭിക്കുന്നത് : 2023 ജൂൺ 1

ദീർഘകാലം സംസ്ഥാനതല ലോഗോസ് ക്വിസ് മത്സരം നടത്തി പരിചയസമ്പന്നനായ ബഹു. സൈറസ് വേലംപറമ്പിലച്ചനും മുൻവർഷങ്ങളിലെ ലോഗോസ് പ്രതിഭകളും ചേർന്ന് തയ്യാറാക്കിയ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ബൈബിൾ കോഴ്സിന്റെ ഏപ്രിൽ മാസത്തെ ക്ലാസ് 21 ന് നടത്തുന്നു.

വചനം മാംസം ധരിച്ചു നമ്മുടെ ഇടയിൽ വസിച്ചു. വചനം ഈശോയാണ്. ഈശോയുമായുള്ള സംഭാഷണമാണു വചനവായന. ഒരു ദിവസം 12-20 മിനിറ്റുകൾ ദൈവവചനവായനയ്ക്കായി നീക്കിവച്ചാൽ 365 ദിവസങ്ങൾകൊണ്ട് വിശുദ്ധ ബൈബിൾ മുഴുവൻ ഒരാവൃത്തി വായിച്ചുതീർക്കാവുന്ന വിധത്തിൽ വചനഭാഗങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്ന 'കൊറിയാന' യുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

---

# ഇവാഞ്ചലൈസേഷൻ

---

1. തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോമിൽ മധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.
2. ഏപ്രിൽ 3-5 വരെ തീയതികളിൽ മരങ്ങാട്ടുപള്ളിയിൽ വാർഷികധ്യാനം നടത്തി.
3. ഏപ്രിൽ 4, 18 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.
4. കാഞ്ഞിരപ്പിള്ളി NRC യിൽ ക്ലാസ്സെടുത്തു.
5. ഏപ്രിൽ 30 ന് ഉള്ളനാട് കുടുംബക്കൂട്ടായ്മ വാർഷികത്തിൽ പങ്കെടുത്തു.
6. **സ്ടീറ്റ് മിനിസ്ടി**

ഏപ്രിൽ 1-ാം തീയതി പശുപ്പാറ, 11-ാം തീയതി ഇടുക്കി, തടിയമ്പാട്, 26-ാം തീയതി വലിയകാവുമ്പുറം എന്നിവിടങ്ങളിൽ തെരുവുവചനപ്രഘോഷണ ശുശ്രൂഷ നടത്തി. റിട്ട. എസ്.ഐ. റ്റി.എം. മാത്യു നേതൃത്വം നൽകി. ജോബി മാത്യു, ജോയി ജേക്കബ്, മനോജ് എന്നിവർ പങ്കെടുത്തു.

7. **ജാഗ്രതാസമിതി**

ഏപ്രിൽ 21 ന് കുറവിലങ്ങാടും 23 ന് പാലാ കത്തീഡ്രലിലും ഇലഞ്ഞിയും ജാഗ്രതാസമ്മേളനങ്ങൾ സംഘടിപ്പിച്ചു.

8. മംഗളഗിരി പള്ളിയിൽ വലിയാഴ്ച ശുശ്രൂഷകൾക്കു സഹായിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

---

# കരിസ്മാറ്റിക് വാർത്തകൾ

---

**1. പാലാ കത്തിഡ്രലിൽ ദൈവാലയത്തിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതങ്കൽ അച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മണി മുതൽ ഉച്ചയ്ക്ക് 2 വരെയും ജപമാല, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ

ആരാധന എന്നീ ശുശ്രുഷകൾ നടത്തപ്പെടുന്നു. ഏപ്രിൽ മാസത്തിൽ ബ്രദർ ജോൺസൺ തടത്തിൽ, ബ്രദർ ലുക്കോസ് പ്രാലയിൽ എന്നിവർ വചന ശുശ്രുഷയ്ക്കു നേതൃത്വം നൽകി.

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവലയത്തിൽ വച്ച് ഏപ്രിൽ 1 ആദ്യശനി 9 മണി മുതൽ 2 വരെ കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. ബ്രദർ തോമസ് കുര്യൻ വചനം പങ്കുവച്ചും

**3. നാല്പതാം വെള്ളിയാചരണം**

കരിസ്മാറ്റിക് സോണൽ സേവനസമിതി ഡയറക്ടർ ബഹുമാനപ്പെട്ട ജേക്കബ് വെള്ളമരുതങ്കലച്ചന്റെ നേതൃത്വത്തിൽ അരുവിത്തുറ വല്ല്യച്ചൻ മലയിൽ നടന്ന കുരിശിന്റെ വഴിയിലും വിശുദ്ധ കുർബാനയർപ്പണത്തിലും അനേകർ പങ്കുകൊണ്ടു.

**4. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽവച്ചു നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണി മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു. ഏപ്രിൽ 29 ശനി ബ്രദർ സണ്ണി കാട്ടൂക്കാരൻ വചന ശുശ്രൂഷയും ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ, രൂപത സേവനസമിതിയംഗങ്ങൾ എന്നിവർ ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**5. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ** (LSS)

ഫിസിക്കലായി പൂഞ്ഞാർ, ഇലഞ്ഞി, തീക്കോയി എന്നി സബ് സോണുകളിൽ എല്ലാ ചൊവ്വ, വ്യാഴം, വെള്ളി എന്നി ദിവസങ്ങളിൽ ഒരു മണിമുതൽ 4 മണി വരെയായി ഏഴ് ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു

**6. പന്തക്കുസ്താത്തിരുനാൾ**

മേയ് 28 നടത്തുന്ന പന്തക്കുസ്താതിരുനാളിന് ഒരുക്കമായി ഓൺലൈനിൽ (ഗൂഗിൾ മീറ്റ്) 19/04/23 മുതൽ എല്ലാം ദിവസവും രാത്രി 8.30 മുതൽ 9.15 വരെ പ്രാർത്ഥനകൾ നടക്കുന്നു. അനേകം കുടുംബങ്ങൾ പങ്കെടുക്കുന്നു.

**7. ക്രിസ്റ്റീൻ ധ്യാനം**

15-16 വരെ ഏന്തയാറിലും 17-19 വരെ സിബി ഗിരിയിലും ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തി.

**8.** ഏപ്രിൽ 26-30 തീയതികളിൽ ചെത്തിമറ്റം ക്രിസ്തുജ്യോതിയിൽവെച്ച് പ്രേഷിത പരിശീലനധ്യാനം നടത്തി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**യൂണിറ്റ് സമ്മേളനങ്ങൾ**

മീനച്ചിൽ സബ് ജയിൽ പാലായിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റിലെ അംഗങ്ങൾ ഏപ്രിൽ 2 ന് പാലാ അഡാർട്ടിൽ ഒത്തുചേർന്ന് ഈസ്റ്ററിനോടനുബന്ധിച്ച് തടവറപ്രേഷിതത്വത്തിന്റെ ഭാഗമായി തയ്യാറാക്കാവുന്ന പ്രവർത്തനങ്ങൾ അതിനാവശ്യമായ അനുമതി തുടങ്ങിയ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു.

ഇടുക്കി ജില്ലാ ജയിലിനോടു ചേർന്നുപ്രവർത്തിക്കുന്ന മുട്ടം യൂണിറ്റിലെ അംഗങ്ങളുടെ സമ്മേളനം ഏപ്രിൽ 16 ന് മുട്ടം ടൗൺ പള്ളി ഹാളിൽ ചേർന്നു. മുട്ടം സിബിഗിരി പള്ളി വികാരി റവ.ഫാ. ജോൺ പാളിത്തോട്ടം അധ്യക്ഷത വഹിച്ച യോഗം ഡയറക്ടർ ഉദ്ഘാടനം ചെയ്യുകയും ക്ലാസ് നയിക്കുകയും ചെയ്തു.

**ജയിൽസന്ദർശനം**

ഈസ്റ്ററിന്റെ തലേദിനം ഏപ്രിൽ 8 ന് പാലാ സബ്ജയിൽ, മുട്ടം ജില്ല ജയിൽ എന്നിവ സന്ദർശിച്ച് തടവറയിൽ കഴിയുന്ന ക്രൈസ്തവരായിട്ടുള്ളവരെ കുമ്പസാരിപ്പിക്കുകയും ജയിലിലെ അന്തേവാസികൾക്കായി വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**ബോധവത്കരണ ക്ലാസ്**

ജയിൽ വകുപ്പുതലത്തിൽ ക്രമീകരിക്കുന്ന ബോധവത്കരണ പ്രോഗ്രാമിന്റെ ഭാഗമായി ഏപ്രിൽ 18 ന് ലഹരി ഉപയോഗം – ആത്മഹത്യ എന്ന വിഷയത്തിൽ ഡയറക്ടർ പാലാ സബ് ജയിലിൽ ക്ലാസ്സെടുത്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. പാലാ രൂപതയ്ക്കുവേണ്ടി ഈ വർഷം വൈദികവസ്ത്രം സ്വീകരിക്കുന്ന വൈദികാർത്ഥികൾക്കായുള്ള ഒരുക്കധ്യാനം മാർച്ച് 23, 24 തീയതികളിൽ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

2. പാലാ രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനം നേടുന്ന വൈദികാർത്ഥികൾക്കായുള്ള ഒരു അവധിക്കാലധ്യാനം മാർച്ച് 28, 29 തീയതികളിൽ മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

3. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം – രാവിലെ 9 മണിമുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക–കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി മൂന്നു മണിക്ക് പൂർത്തിയാകുന്ന ധ്യാനം – വിശുദ്ധവാരം പ്രമാണിച്ച് സൗകര്യാർത്ഥം ഏപ്രിൽ 1 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

4. ഏപ്രിൽ 11 മുതൽ 17 വരെ മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

5. ഏപ്രിൽ 18, 19 തീയതികളിൽ മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് പാലാ രൂപതയിലെ ഏറ്റവും പുതിയ നാലു ബാച്ചിൽപെട്ട കൊച്ചച്ചന്മാർക്കായി തുടർപരിശീലനപരിപാടി നടത്തി.

6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത നാലു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2023 മെയ് 4-10: ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ധ്യാനം
2023 മെയ് 13: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 മെയ് 16-22: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം
2023 ജൂൺ 10: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 ജൂൺ 18-24: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം
2023 ജൂലൈ 8: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 ജൂലൈ 20-26: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം
2023 ആഗസ്റ്റ് 12: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 ആഗസ്റ്റ് 26 - സെപ്റ്റംബർ 1: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ബുക്കിംഗിന്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനാക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

SFO പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും തിരഞ്ഞെടുപ്പു നടപടിക്രമങ്ങൾ പൂർത്തിയാവുകയും പുതിയ ഭാരവാഹികൾ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. രൂപത സ്പിരിച്വൽ അസിസ്റ്റന്റുമാരായ ഫാ. ആന്റണി വെച്ചൂർ OFM Cap,, ഫാ. അരുൺ ഇലവുങ്കൽ OFM Cap. എന്നിവർ രൂപതാഭാരവാഹികളോടൊപ്പം യൂണിറ്റുകൾ സന്ദർശിച്ച് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾക്കു നേതൃത്വം നൽകി. സെന്റ് ക്ലെയർ റീജിയൻ പാലാ, സെന്റ് തോമസ് മുൻ റീജിയൻ കുറവിലങ്ങാട് എന്നീ റീജിയണുകളിലെ റീജിയൻ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 22-04-2023 ശനിയാഴ്ച യഥാക്രമം ഭരണങ്ങാനം അസ്സീസി ആശ്രമം, കുറവിലങ്ങാട് സെന്റ് മേരീസ് ചർച്ച് പാരിഷ് ഹാൾ എന്നിവിടങ്ങളിൽവച്ച് ഡയറക്ടർ ഫാ. ആന്റണി വെച്ചൂർ OFM Cap ന്റെ സാന്നിധ്യത്തിൽ SFO മലബാർ ഏരിയ കൗൺസിലർ ബ്രദർ ഫ്രാങ്കോ ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു നടത്തപ്പെട്ടു.

**ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. അഭിനന്ദനങ്ങൾ**

ഡി.എഫ്.സി. സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുത്ത ജോർജ്ജ് സെബാസ്റ്റ്യൻ വടക്കേലിനും ഡി.എഫ്.സി. വനിതാവിഭാഗം ട്രഷറർ ആയി തിരഞ്ഞെടുത്ത മോളി ജോൺ കുന്നുംപുറത്തിനും ഡി.എഫ്.സി. പാലാ രൂപതയുടെ അഭിനന്ദനങ്ങൾ

**2. സന്ദർശനം**

കൂട്ടിക്കൽ, കാവാലി, ചോലത്തടം എന്നീ ഇടവകളിൽ സന്ദർശിച്ചു.

**3. ദീപികപത്രപ്രചരണം**

മോനിപ്പള്ളി, മലയിഞ്ചിപ്പാറ, കുന്നോന്നി

**4. ദീപികപത്രപ്രചരണം നടത്താൻ തീരുമാനിച്ച ഇടവകകൾ**

കാവുംകണ്ടം

**5.** 22-ാം തീയതി കോട്ടയത്തുവച്ചു നടന്ന അവാർഡുദാനച്ചടങ്ങിൽ സംബന്ധിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ഇൻഫാം സമ്മേളനം – സർക്കാരുകൾ കർഷകപക്ഷത്തു നില്ക്കണം**

അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇൻഫാം സംഘടിപ്പിച്ച കർഷകക്കൂട്ടായ്മയിൽ കർഷകർക്കു തിരഞ്ഞെടുപ്പുകാലത്തു സംസ്ഥാന സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പാലിച്ച് കർഷകരെ പരിരക്ഷിക്കണമെന്നും കേന്ദ്രസർക്കാർ കർഷകരുടെ പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെട്ട് കാർഷിക ഉത്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്ന നടപടികൾ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. റബ്ബർ, നെല്ല്, കുരുമുളക്, ഏലം, കാപ്പി തുടങ്ങിയവ ഉത്പാദിപ്പിക്കുന്ന കർഷകർക്ക് ന്യായമായ വില നല്കാൻ സർക്കാരുകൾ വൈമുഖ്യം കാണിക്കുന്നതിൽ കർഷകർ രോഷവും നിരാശയും പങ്കുവച്ചു. കർഷക ആവശ്യങ്ങൾക്കുവേണ്ടി നിലപാട് ശക്തമായി സ്വീകരിച്ച തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തമാർ ജോസഫ് പാംപ്ലാനി പിതാവിന് യോഗം ശക്തമായ പിന്തുണ പ്രഖ്യാപിച്ചു. രാജ്യത്തെ എല്ലാവരെയും തീറ്റിപ്പോറ്റുന്ന കർഷകരെ ആദരിക്കുന്ന മറ്റു രാജ്യങ്ങളുടെ മാതൃക ഇവിടുത്തെ മന്ത്രിമാരും ഉദ്യോഗസ്ഥരും മനസ്സിലാക്കി കർഷകപക്ഷത്ത് എല്ലാവരും നില്ക്കുന്ന അവസ്ഥയ്ക്കായി കർഷകർ ദാഹിക്കുന്നുവെന്ന് യോഗം വിലയിരുത്തി. ഫാ. ജോസ് തറപ്പേൽ, ഫാ. ജോസഫ് ചെറുകരക്കുന്നേൽ, മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പള്ളിൽ, ജയിംസ് ചൊവ്വാറ്റുകുന്നേൽ തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നൽകി. ഇൻഫാം എല്ലായിടത്തും ശക്തിപ്പെടുത്താൻ യോഗം തീരുമാനിച്ചു.

**ഇൻഫാം എക്സിക്യൂട്ടീവ്**

12-04-2023 ബുധനാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന പാലാ ജില്ലാതല എക്സിക്യൂട്ടീവ് സമ്മേളനത്തിൽ കാർഷികപ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. അഭിവന്ദ്യ പിതാവുമായി ആലോചിച്ച് ബഹു. വികാരി അച്ചന്മാർക്ക് ഒരു കത്ത് അയയ്ക്കണമെന്നും ഇൻഫാമിന്റെ പ്രവർത്തകർ എല്ലാ ഇടവകയിൽനിന്നും പങ്കെടുക്കുന്ന ഒരു മീറ്റിംഗ് നടത്തി. പുതിയ ഒരു എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വം ഉണ്ടാകണമെന്നും യോഗം തീരുമാനിച്ചു. നികുതി, കെട്ടിടനികുതി, സ്റ്റാമ്പ് ഡ്യൂട്ടി, പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധന, നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന തുടങ്ങിയവമൂലം സാധാരണ ജനങ്ങൾക്ക് ജീവിക്കാൻ ഏറെ ബുദ്ധിമുട്ട് ഉണ്ടായിരിക്കുന്ന ഈ സാഹചര്യത്തിൽ നാനാജാതിമതസ്ഥരുടെ സഹകരണത്തോടെ ഇൻഫാം ശക്തിപ്പെടുത്തേണ്ട സമയം ഇതാണ് എന്ന് യോഗം വിലയിരുത്തി. കർഷകർക്കുവേണ്ടി നിലകൊള്ളുന്ന കെ.സി.ബി.സിയെ യോഗം പ്രശംസിച്ചു.

**പി.ഒ.സിയിൽ സെമിനാർ**

കർഷകപ്രശ്നങ്ങളെക്കുറിച്ചും സഭാനവീകരണത്തെക്കുറിച്ചും ചർച്ച ചെയ്യാൻ പി.ഒ.സിയിൽ മാർച്ച് 14 ന് യോഗം ചേർന്നു. റബർ വിലത്തകർച്ച, കാട്ടുമൃഗങ്ങളുടെ ശല്യം, ബഫർസോൺ, കർഷകകുടുംബങ്ങളുടെ സാമ്പത്തികത്തകർച്ച തുടങ്ങിയ വിഷയങ്ങൾ സെമിനാറിൽ അവതരിക്കപ്പെട്ടു. നാഷണൽ ഡയറക്ടർ ജോസഫ് ചെറുകരക്കുന്നേലിന്റെ നേതൃത്വത്തിൽ പാലായിൽനിന്ന് അംഗങ്ങൾ പങ്കെടുത്തു.

**ഇൻഫാം സമ്മേളനം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ**

മാർച്ച് 30 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടിയ ഇൻഫാം സമ്മേളനത്തിൽ റബർ വില 300 രൂപ കിലോയ്ക്ക് ലഭിക്കണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കുകയും ഈ ആവശ്യം സർക്കാർ പക്കൽ അവതരിപ്പിക്കുകയും ചെയ്തു. ആർച്ചു ബിഷപ് മാർ ജോസഫ് പാംപ്ലാനി പിതാവിനെ അനുമോദിച്ചു. കാർഷികപ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ശക്തമായ മുന്നേറ്റം ആവശ്യമാണെന്ന് യോഗം വിലയിരുത്തി.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## സി. തെരേസ് മേരി മറ്റക്കരോട്ട് എസ്.എച്ച്.

പാലാ രൂപതയിലെ മറ്റക്കര ഇടവകയിൽ മറ്റക്കരോട്ട് കുടുംബത്തിൽ ദേവസ്യ-ഏലിക്കുട്ടി ദമ്പതികളുടെ ആറ് മക്കളിൽ അഞ്ചാമത്തെ പുത്രിയായി 1943 ജൂലൈ 2 ന് ഭൂജാതയായ തെരേസ് മേരിയമ്മയ്ക്കു മാമ്മോദീസാ യിൽ ലഭിച്ച പേര് ത്രേസ്യാ എന്നായിരുന്നു. ഭക്തരായ മാതാപിതാക്കളുടെ സ്നേഹപരിലാളനയിൽ വളർന്നു വന്ന തെയ്യാമ്മ 1963 ൽ തിരുഹൃദയനാഥന്റെ വിളി ശ്രവിച്ച് പാലാ തിരു ഹൃദയമഠത്തിൽ അർത്ഥിനിയായി വന്നു. സന്ന്യാസപരിശീലനം പൂർത്തി യാക്കി 1965 ഏപ്രിൽ 12 ന് ആദ്യവ്രതവും 1969 മെയ് 29 ന് നിത്യവ്രതവും അനുഷ്ഠിച്ച തെരേസ് മേരിയമ്മ ഈശോയുടെ തിരുഹൃദയത്തിൽ സർവ സമ്പത്തും കണ്ടെത്തി.

1968 ൽ ഹിന്ദി വിദ്വാൻ പാസ്സായ തെരേസമ്മ 1970 ൽ മൂലമറ്റം സെന്റ് ജോർജ് യു.പി. സ്കൂളിൽ ഹിന്ദി അധ്യാപികയായി നിയമിക്കപ്പെട്ടു. നീണ്ട 29 വർഷങ്ങൾ അധ്യാപനരംഗത്ത് തന്റെ വ്യക്തിമുദ്ര പതിപ്പിക്കുവാൻ തെരേസമ്മയ്ക്ക് സാധിച്ചു. 58 വർഷത്തെ സമർപ്പിതജീവിതംകൊണ്ട് കുട ക്കച്ചിറ, നീലൂർ, അറക്കുളം, വെള്ളിയാമറ്റം, ചേറ്റുതോട്, മൂലമറ്റം, മേലു കാവ്, കുരുവിനാൽ, പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ്, കീഴൂർ, രാമപുരം എന്നീ ഭവനങ്ങളിൽ തന്റെ ശുശ്രൂഷകൾ പൂർത്തിയാക്കി.

ആസ്ത്മ, പാർക്കിൻസൺസ് തുടങ്ങിയ രോഗങ്ങൾ നിമിത്തം 2020 മുതൽ തെരേസ് മേരിയമ്മ ക്ഷീണിതയായിരുന്നു. രോഗങ്ങളും ബുദ്ധിമു ട്ടുകളും ഉണ്ടെങ്കിലും സ്വന്തം കാര്യങ്ങൾ പരസഹായം കൂടാതെ ചെയ്യു ന്നതിൽ തെരേസമ്മയ്ക്കു നല്ല നിഷ്ഠയുണ്ടായിരുന്നു.

15-4-2023 ശനിയാഴ്ച സായാഹ്ന പ്രാർത്ഥനയ്ക്കായി ചാപ്പലിൽ വരുവാൻ ഒരുങ്ങവേ, മുറിയിൽ വീഴുകയും, അതേത്തുടർന്ന് ക്ഷീണം വർദ്ധിക്കുകയും ചെയ്തു. വിദഗ്ദ്ധ ചികിത്സകൾക്കായി മെഡിസിറ്റിയിൽ പ്രവേശിപ്പിച്ചുവെങ്കിലും കാര്യമായ ഫലപ്രാപ്തി ഉണ്ടായില്ല. 19-4-2023 ബുധനാഴ്ച ശ്വാസംമുട്ടൽ വർദ്ധിച്ച് തെരേസമ്മ വൈകിട്ട് 7.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

21-4-2023 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് വിശുദ്ധ ബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ രാമപുരം മഠത്തിൽ ആരംഭിച്ചു. പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലിന്റെ പ്രധാനകാർമികത്വത്തിൽ മൃതദേഹം രാമപുരം ഫൊറോന പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. മേഴ്സി ജോർജ് നടുത്തുണ്ടത്തിൽ എസ്.എച്ച്.

പാലാ രൂപതയിലെ കാഞ്ഞിരമറ്റം ഇടവകയിൽ ദൈവവിളികളാൽ സമ്പന്നവും പുരാതനവും പ്രശസ്തവുമായ നടുത്തുണ്ടത്തിൽ പരേതരായ എൻ.ജെ. ജോർജിന്റെയും ശ്രീമതി കാതറിന്റെയും രണ്ടാമത്തെ പുത്രിയായി 1952 സെപ്റ്റംബർ 12 ന് ഭൂജാതയായ സി. മേഴ്സിക്ക് മാമ്മോദീസായിൽ ലഭിച്ച പേര് മറിയം എന്നായിരുന്നു. സാമാന്യ വിദ്യാഭ്യാസത്തിനുശേഷം 1974 ൽ കുരുവിനാൽ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി വന്നു. സന്ന്യാസ പരിശീലനം പൂർത്തിയാക്കി 1976 ഏപ്രിൽ 19-ാം തീയതി പ്രഥമവ്രതവാഗ്ദാനവും 1983 മെയ് 2-ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായി. ജൂണിയൽ സിസ്റ്റർ ആയിരിക്കുമ്പോൾ തന്നെ ആറു വർഷം പാലാ രൂപതയുടെ ദീപനാളം ഓഫ്സെറ്റ് പ്രസിൽ സേവനം ചെയ്തു. പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ്, സാന്തോം ഏഴാച്ചേരി, കുമ്മണ്ണൂർ, മൂലമറ്റം, അറക്കുളം, അടിവാരം, വെള്ളിയാമറ്റം, മൂന്നിലവ്, ചേറ്റുതോട്, കുരുവിനാൽ, നീലൂർ, പൂവരണി, ഇടമറുക് എന്നീ ഭവനങ്ങളിൽ ശുശ്രൂഷ ചെയ്തു ഈശോയെ മഹത്വപ്പെടുത്തിയ സി. മേഴ്സി ഭവനങ്ങളിൽ ഏല്പിക്കപ്പെട്ടിരുന്ന ഉത്തരവാദിത്വങ്ങളെല്ലാം ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും നിർവഹിക്കുവാൻ തികച്ചും ഉത്സുകയായിരുന്നു. പാലാ രൂപതയുടെ കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോമിൽ ആറുവർഷം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

തിരുഹൃദയ സന്ന്യാസിനിസമൂഹത്തിന്റെ നല്ല പൈതൃകവും പാരമ്പര്യവുമായ അതിഥിസത്കാരത്തിനുള്ള വിവേചനശക്തിയും സ്വന്തം ഭവ

നത്തിന്റെ പ്രതീതി അനുഭവപ്പെടത്തക്കവിധം അതിഥികളെ സ്വീകരിച്ച് സത്കരിക്കാനുള്ള ഔദാര്യവും ആതിഥ്യമര്യാദയും സി. മേഴ്സി പ്രകടമാക്കിയിരുന്നു. വിശുദ്ധിയിൽ ആഴപ്പെടാനും ആനന്ദഗീതങ്ങൾ ആലപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാനും ശ്രദ്ധിച്ചിരുന്നതിനാൽ ജീവിതത്തിന്റെ അന്ത്യനിമിഷംവരെ കർമനിരതയായി, സന്തോഷവതിയായി ജീവിക്കുവാൻ സി. മേഴ്സിക്കു സാധിച്ചു.

സാമാന്യം നല്ല ആരോഗ്യവതിയായി ഇടമറുക് മഠത്തിൽ സേവനം അനുഷ്ഠിച്ചുവരവേ, ഏതാണ്ട് ഒരു മാസമായി വെയിറ്റ് കുറയുന്നതായും ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനെയും തുടർന്ന് വിദഗ്ദ്ധ പരിശോധനയ്ക്കു വിധേയമാക്കിയപ്പോൾ രോഗം ക്യാൻസർ ആണെന്നും ചികിത്സകൾ ഫലപ്രദമാവില്ലെന്നും ഡോക്ടേഴ്സ് വിധിയെഴുതി. സി. മേഴ്സിയുടെ ദിവസങ്ങൾ പരിമിതമായി. അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു. 3-4-2023 തിങ്കളാഴ്ച ഉച്ചയ്ക്ക് 12.45 നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൂന്നാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് മൃതദേഹം പാലാ മഠത്തിൽ പൊതുദർശനത്തിനായി കൊണ്ടുവന്നു. 4-ാം തീയതി ഉച്ചകഴിഞ്ഞ് 2 ന് വിശുദ്ധ ബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിലച്ചന്റെ മുഖ്യകാർമികത്വത്തിൽ മൃതദേഹം പാലാ കത്തീഡ്രൽ സെമിത്തേരിയിൽ സംസ്കരിച്ചു.




| APRIL 2023 | | |
|---|---|---|
| 01 | 7.00 am | ആലപ്പുഴ കർമസദൻ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന റീജിയണൽ ബിഷപ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചു. |
| | 10.00 am | ആലപ്പുഴ കത്തീഡ്രലിൽവച്ച് അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിന്റെ ഒന്നാം ചരമവാർഷിക ത്തോടനുബന്ധിച്ച് നടന്ന പരിശുദ്ധ കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. |
| | 5.00 pm | കവീക്കുന്ന് ഇടവകയിലെ പാരിഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. |
| 02 | 2.30 pm | പാലാ കത്തീഡ്രലിൽ ഓശാനയുടെ തിരുകർമ്മ ങ്ങൾക്കു കാർമ്മികത്വം വഹിച്ചു. |
| 04 | 9.00 am | പാലാ കത്തീഡ്രലിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് പരിശുദ്ധ കുർബാന നൽകി. |
| | 11.30 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുത്തവരെ സന്ദർശിച്ച് സന്ദേശം നൽകി. |
| | 9.15 pm | ബിഷപ്സ് ഹൗസിൽ സിനഡൽ കമ്മിറ്റി ഫോർ എജു ക്കേഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 05 | 10.15 am | രാമപുരം ഫൊറോനായിൽ കൂട്ടിയാനിയിൽ കെ. എസ്. സ്കറിയയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 4.30 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സന്ദർശനം നടത്തി. |
| 06 | 7.00 am | പാലാ കത്തീഡ്രലിൽ പെസഹാവ്യാഴം തിരുക്കർമ്മ ങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 7.45 pm | ബിഷപ്സ് ഹൗസിൽ പെസഹാതിരുനാളിനോട് അനുബന്ധിച്ചുള്ള പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുത്തു. |
| 07 | 8.00 am | കത്തീഡ്രലിൽ ദുഃഖവെള്ളിയാഴ്ചയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 2.15 pm | ളാലം പഴയ പള്ളിയിൽ പീഡാനുഭവവെള്ളി ആചരണത്തോടനുബന്ധിച്ചുള്ള പാനവായനയ്ക്കു നേതൃത്വം വഹിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ പീഡാനുഭവവെള്ളി ആചരണത്തോടനുബന്ധിച്ചുള്ള പാനവായനയ്ക്കു നേതൃത്വം വഹിച്ചു. |
| | 6.30 pm | മെഡിസിറ്റിയിൽ പീഡാനുഭവവെള്ളി ആചരണത്തോടനുബന്ധിച്ചുള്ള പാനവായനയ്ക്ക് നേതൃത്വം വഹിച്ചു. |
| 09 | 03.15 am | പാലാ കത്തീഡ്രലിൽ ഈസ്റ്ററിന്റെ തിരുക്കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 5.00 pm | കടനാട് ഫൊറോനയിൽ കാരയ്ക്കൽ കെ.സി. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6.00 pm | പ്രവിത്താനം ഫൊറോനയിൽ പുള്ളിക്കാട്ടിൽ പി.ടി. എബ്രാഹത്തിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 10 | 11.00 am | പെരിയപ്പുറം ഇടവകയിൽ വള്ളിക്കാവുങ്കൽ ഏലിക്കുട്ടി പൈലിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.30 pm | മരങ്ങാട്ടുപള്ളി ഇടവകയിൽ മയിലാടൂർ മണ്ണാറമറ്റത്തിൽ എൽസി ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 4.00 pm | മാനത്തൂർ ഇടവകയിൽ വാ. പീറ്റർ ഡോണ്ടേഴ്സ് ഭവന്റെ വെഞ്ചിരിപ്പ് കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 11 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 11.30 am | ഭരണങ്ങാനം സെന്റ് ജോസഫ് കോൺവെന്റിൽ സി. മേരി ഗ്രാസിയ FCCയുടെ ഭൗതികദേഹത്തിന് അരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 1.30 pm | തിരുവനന്തപുരത്ത് സീറോ മലങ്കര മേജർ ആർച്ചു ബിഷപ്സ് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലിമീസ് കാത്തോലിക്കാ ബാവായെ സന്ദർശിച്ചു. |
| | 3.00 pm | തിരുവനന്തപുരത്ത് ക്ലിഫ് ഹൗസിൽ കത്തോലിക്കാ മാനേജ്മെന്റ് സമിതിയോടൊപ്പം മുഖ്യമന്ത്രിയെ സന്ദർശിച്ചു. |
| | 5.00 pm | തിരുവനന്തപുരം വെട്ടിനാടിൽ മൗണ്ട് കാർമൽ റിട്രീറ്റ് സെന്ററിൽ സന്ദർശനം നടത്തി. |
| | 6.00 pm | തിരുവനന്തപുരത്ത് കത്തോലിക്കാ മാനേജ്മെന്റ് സമിതിയോടൊപ്പം വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയെ സന്ദർശിച്ചു. |
| 13 | 9.45 am | മരങ്ങോലി ഇടവകയിൽ പുതിയ വൈദികമന്ദിരത്തിന്റെ ശിലാസ്ഥാപനകർമത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.00 am | മുളക്കുളം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 4. 00 pm | മാനത്തൂർ ഇടവകയിൽ സെന്റ് ജോസഫ് ആശ്രമത്തിന്റെ നവീകരിച്ച ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 14 | 9.30 am | പാലാ മരിയ സദനത്തിന്റെ രജതജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ചു. |
| | 4.00 pm | പാലാ മാർ സ്ലീവാ ക്ലാരിസ്റ്റ് അഡോറേഷൻ മോണസ്റ്ററിയുടെ വെഞ്ചരിപ്പുകർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു. |
| | 7.00 pm | കോതമംഗലം രൂപതയിലെ വെട്ടിമറ്റം ഇടവകയിൽ പാമ്പാറയിൽ മറിയം എബ്രാഹത്തിന്റെ ഭൗതികദേഹത്തിന് അരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 15 | 10.00 am | ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ഈ വർഷം പ്രവേശനം ആഗ്രഹിക്കുന്നവർക്കുവേണ്ടിയുള്ള ഇന്റർവ്യൂവിനു നേതൃത്വം നൽകി. |

| | | |
|---|---|---|
| | 5.00 pm | അറക്കുളം പഴയ പള്ളിയുടെ ശതാബ്ദിസമാപന സമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ചു സംസാരിച്ചു. |
| 16 | 12.00 pm | കുടക്കച്ചിറ ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്ററിന്റെ രജതജൂബിലി ആഘോഷ സമാപനസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 2.30 pm | വേഴങ്ങാനം ഇടവകയിൽ വാഴചാരിക്കൽ വി.റ്റി. അഗസ്റ്റിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |
| 17 | 9.00 am | കിഴപറയാർ ഇടവകയിൽ പാലക്കുടിയിൽ ലിൻസ് അന്റണിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | മറ്റക്കര ഇടവകയിൽ മുണ്ടിയാനിക്കൽ ചിന്നമ്മ ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 5.30 pm | മാവടി ഇടവകയിൽ വട്ടോത്ത് ജൂലറ്റ് തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6.00 pm | വാഗമണ്ണിൽ മൗണ്ട് നെബോ ആബാഭവനത്തിൽ പാലാ രൂപതയിലെ 2019-2023 ബാച്ച് വൈദികർക്കായി സംഘടിപ്പിക്കപെട്ട ഓൺഗോയിങ് ഫോർമേഷൻ പ്രോഗ്രാമിൽ സംബന്ധിച്ചു സംസാരിച്ചു. |
| 18 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | അന്തീനാട് ഇടവകയിൽ കുളമാക്കൽ ജോൺസൺ വർഗീസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 19 | 9.15 am | സ്ലീവാപുരം ഇടവകയിൽ ഡീക്കൻ ജോസഫ് തെള്ളിക്കുന്നേൽ CRM ന് പൗരോഹിത്യപട്ടം നൽകി. |
| | | കടുത്തുരുത്തി മരിയാമല വല്ലംമ്പറോസിയൻ ആശ്രമത്തിൽ നടന്ന കോട്ടയം അതിരൂപത ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ടിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷസമ്മേളനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 20 | 10.30 am | നെല്ലിയാനിയിൽ SABS സിസ്റ്റേഴ്സിന്റെ പ്രഥമവ്രത വാഗ്ദാനത്തോടും വ്രതനവീകരണത്തോടും അനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 4.00 pm | മല്ലികശ്ശേരിയിൽ അഡോർണോ ആശ്രമത്തിൽ നവീകരിച്ച ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 21 | 09.00 am | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ എൻ.എ.ബി.എച്ച്. സർട്ടിഫിക്കറ്റ് സമ്മാനിക്കുന്ന ചടങ്ങിൽ അധ്യക്ഷപദം അലങ്കരിച്ചു. |
| | 11.00 am | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ ഓക്സിജൻ ജനറേറ്റർ പ്ലാന്റിന്റെ വെഞ്ചരിപ്പുകർമ്മത്തിൽ സഹകാർമ്മികത്വം വഹിച്ചു. |
| | 11.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 11.00 am | കുറുമണ്ണ് ഇടവകയിൽ കോടംകണ്ടത്തിൽ ഡാനിയേൽ – വർഗീസ് എന്നീ കുഞ്ഞുങ്ങൾക്ക് മാമോദീസ പരികർമ്മം ചെയ്തു. |
| | 5.45 pm | അരുവിത്തുറ ഫൊറോനയിൽ ഗീവർഗീസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന പുറത്തുനമസ്കാരത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 23 | 10.00 am | അരുവിത്തുറ ഫൊറോനയിൽ ഗീവർഗീസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 24 | 9:00 am | കടുത്തുരുത്തി ഫൊറോനയിൽ ഡീക്കൻ ജോർജ്ജ് പനച്ചിക്കാലായിൽ CMF ന് പൗരോഹിത്യപട്ടം നൽകി. |
| | 5.00 pm | പാലാ അൽഫോൻസിയൻ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന K.C.S.L സീനിയേഴ്സ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. |
| 25 | 9:15 am | മുട്ടുചിറ ഫൊറോനയിൽ ഡീക്കൻ ജേക്കബ് പാണകുഴി CMF ന് പൗരോഹിത്യപട്ടം നൽകി. |
| 26 | 11.00 am | പാലാ കത്തീഡ്രലിൽ മണർകാട്ട് അന്ന കുരുവിളയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| 27 | 03.00 pm | കല്ലൂർകുളം FCC കോൺവെന്റിന്റെ നവീകരിച്ച ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 28 | | ബിഷപ്സ് ഹൗസിൽ എപ്പാർക്കിയൽ അസംബ്ലിയുടെ കോർ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 11.00 am | വിജയപുരം കത്തീഡ്രലിൽ ജീസസ് ഫ്രട്ടേണിറ്റിയുടെ സമാപനസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 7.00 pm | ചങ്ങനാശ്ശേരി ആർച്ചു ബിഷപ്സ് ഹൗസിൽ ഭാരതത്തിന്റെ അപ്പസ്തോലിക് ന്യൂൺഷോ ലെയോപോൾദോ ജിറേല്ലിയുമായി കൂടിക്കാഴ്ച നടത്തി. |
| 30 | 07.35 am | ഇലപ്പള്ളി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി, പൊതുയോഗത്തിൽ സംബന്ധിച്ചു, ഭവന സന്ദർശനം നടത്തി. |



മ്ശംശാന പട്ടം സ്വീകരിച്ച പാലാ രൂപത വൈദികാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ പ്രോഗ്രാമിൽ പങ്കെടുത്ത
2019 - 2023 ബാച്ച് വൈദികർ അഭിവന്ദ്യ പിതാവിനൊപ്പം



മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയതായി നിർമ്മിച്ച ഓക്സിജൻ ജനറേറ്ററിന്റെ
വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് നിർവഹിക്കുന്നു

2023
MAY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




*Printed at St. Thomas Press, Palai and Published by Fr. John Purakkattuputhenpura*